# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05 - 09 - 2016

വാല്യം – 12 | ലക്കം: 9 | സെപ്റ്റംബർ 2016 | Price Rs. 10/- | Annual Subscription RS. 100/-


# ഓവർസിയറായി പാസ്റ്റർ സി സി തോമസ്

○ കേരളാ സ്റ്റേറ്റ് 10–ാമത് ഓവർസിയർ ○പ്രിഫറൻസിൽ വൻവിജയം ○ ശുശ്രൂഷകന്മാരുമായുള്ള അടുത്തബന്ധം വിജയത്തിലേയ്ക്ക് നയിച്ചു ○വിശ്വാസി സമൂഹത്തിന്റെ പിന്തുണയോടെ ഓവർസിയർ സ്ഥാനത്തേക്ക് ○ കോടതിയിൽ നിന്നും സ്റ്റേ ഓർഡർ നേടി സ്ഥാനം ഏൽക്കുന്നത് തടയാൻ ശ്രമം.

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 10–ാമത് ഓവർസിയറായി പാസ്റ്റർ സി സി തോമസ് (53) തെരഞ്ഞെടുക്കപ്പെട്ടു. ഓഗസ്റ്റ് 23 ന് സഭാ ആസ്ഥനമായ മുളക്കുഴയിൽ വച്ച് നടന്ന പ്രിഫറൻസ് ബാലറ്റിലാണ് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. കേരളാ സ്റ്റേറ്റിലെ ശുശ്രൂഷകന്മാർ രേഖപ്പെടുത്തിയ പ്രിഫറൻസിൽ 496 വോട്ടുകൾ നേടിയാണ് പാസ്റ്റർ സി സി തോമസ് കേരളാ സ്റ്റേറ്റ് ഓവർസിയറായത്. പാസ്റ്റർ സി.സി. തോമസിന്റെ വിജയത്തിന് ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷനും അംഗീകാരം നല്കി. കൗൺസിലിന്റെയും ശുശ്രൂഷകന്മാരുടേയും ഭൂരിപക്ഷ അംഗീകാരത്തോടെയാണ് പാസ്റ്റർ സി സി തോമസ് സ്റ്റേറ്റ് ഓവർസിയറായിരിക്കുന്നത്.

മുളക്കുഴ ചിറയിൽ സി.ഐ.ചാക്കോ, തങ്കമ്മ ചാക്കോ ദമ്പതികളുടെ മകനായി ജനിച്ച പാസ്റ്റർ സി സി തോമസ് 1979 ൽ മുളക്കുഴ സഭാംഗത്വം സ്വീകരിച്ചു. ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജിലെ പഠനാനന്തരം, മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി, ഫിലിപ്പിയൻസിലുള്ള ചർച്ച് ഓഫ് ഗോഡ് സെമിനാരി, (ASCM) അമേരിക്കയിലെ ടെന്നസിയിലുള്ള പെന്തക്കോസ്തൽ തിയോളജിക്കൽ സെമിനാരി എന്നിവിടങ്ങളിൽ വേദവിദ്യാഭ്യാസം നേടിയിട്ടുള്ള ഇദ്ദേഹം ഓപ്പറേഷൻ മോബിലൈസേഷനിൽ (OM) ടീം ലീഡറായും പ്രവർത്തിച്ചിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് നേതൃനിരയിൽ ദീർഘവർഷങ്ങൾ പ്രവർത്തിച്ചിട്ടുള്ള പാസ്റ്റർ സി സി തോമസ് മികച്ച സംഘാടകനും ജനകീയനുമായ നേതാവാണ്. കേരളത്തിൽ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരി (ICTS) രജിസ്ട്രാറായും അഡ്മിനിസ്ട്രേറ്ററായും, വൈ പി ഇ പ്രസിഡന്റ്, ഡിസ്ട്രിക്ട് പാസ്റ്റർ കൗൺസിൽ മെമ്പർ, മൗണ്ട് സയോൺ ബൈബിൾ സെമിനാരി അദ്ധ്യാപകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള പാസ്റ്റർ സിസി തോമസ് കഴിഞ്ഞ 8 വർഷമായി അമേരിക്കയിലെ ടെന്നസിയിലുള്ള ചാറ്റന്നൂഗ ടൈനർ ചർച്ച് ഓഫ് ഗോഡിന്റെ ശുശ്രൂഷകനായി പ്രവർത്തിച്ചുവരവെയാണ് ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിനെ നയിക്കുവാനുള്ള നിയോഗം ലഭിച്ചിരിക്കുന്നത്. ഭാര്യ സുനു തോമസ് മക്കൾ ഗ്രാന്റ്, നഥനയേൽ.



സെപ്റ്റംബർ 1 ന് പാസ്റ്റർ സി സി തോമസ് ഓഫീസ് ചുമതല ഏറ്റെടുക്കേണ്ടതായിരുന്നു എങ്കിലും ഓഗസ്റ്റ് 29 ന് തിരുവല്ല (കോട്ടത്തോട്) ചർച്ച് ഓഫ് ഗോഡ് ഫെയ്ത്ത് സെന്റർ സഭാംഗമായ തോമസ് റ്റി.ജോർജ് S/O ഉമ്മൻ ജോർജ്ജ്, തെങ്ങുംപറമ്പിൽ വീട്, മഞ്ഞാടി പി.ഒ.തിരുവല്ല എന്ന വ്യക്തി ബഹുമാനപ്പെട്ട ചെങ്ങന്നൂർ സബ് കോടതിയിൽ നിലവിലുള്ള ഓവർസിയർ തെരഞ്ഞെടുക്കപ്പെട്ട ഓവർസിയർക്ക് ചുമതല കൈമാറുന്നത് തടയണം എന്ന് ആവശ്യപ്പെട്ട് കേസ് ഫയൽ ചെയ്തു. കോടതി മുളക്കുഴ കേന്ദ്ര ഓഫീസിലേക്ക് ഹാജരാകുവാൻ നോട്ടീസ് അയച്ചു എങ്കിലും നിലവിലുള്ള ഓവർസിയർ ഹാജരാകുവാൻ വക്കീലിനെ ഉത്തരവാദിത്വപ്പെടുത്തിയില്ല. മാത്രമല്ല നിലവിൽ കേസ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന, ഇലക്ഷൻ കമ്മീഷണർ കൂടിയായിരുന്ന കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ ജോസഫിന് നോട്ടീസ് കൈമാറാതെ കാലാവധി കഴിഞ്ഞ സ്റ്റേറ്റ് ഓവർസിയർ കോടതിയുടെ നോട്ടീസ് പൂഴ്ത്തി എന്ന വലിയ ആരോപണമാണ് ഉയർന്നിരിക്കുന്നത്. 30–ാം തീയതി കോടതി കേസ് വിളിച്ചപ്പോൾ ചർച്ച് ഓഫ് ഗോഡിനെ പ്രതിനിധികരിച്ച് ഹാജരാകുവാൻ അഡ്വക്കേറ്റ് ഉണ്ടായിരുന്നില്ല. അങ്ങനെ എക്സ്പാർട്ടിയായി ഇൻജംക്ഷൻ ഓർഡർ ചുമതല കൈമാറുന്നത് തടഞ്ഞു കൊണ്ട് കോടതി പുറപ്പെടുവിക്കുകയായിരുന്നു. കേസ് കൊടുത്ത വ്യക്തിയും ഓവർസിയറും തമ്മിലുള്ള ധാരണപ്രകാരമാണ് ഈ കാര്യങ്ങൾ നടന്നിട്ടുള്ളത്. ഈ രഹസ്യമിപ്പോൾ പുറത്തുവന്നിരിക്കുകയാണ്.

ഇത് രണ്ടാം തവണയാണ് നിലവിലുള്ള നേതൃത്വം കോടതി നോട്ടീസിന് തക്കസമയത്ത് വക്കാലത്ത് കൊടുക്കാതെ ചർച്ച് ഓഫ് ഗോഡിനെതിരെ എക്സ്പാർട്ടി വിധി സമ്പാദിച്ച് വഞ്ചിച്ചിരിക്കുന്നത്. ഇതിനു മുൻപ് ജൂൺ 10ന് അഡ്വക്കേറ്റിന് വക്കാലത്ത് ഒപ്പിട്ട് കൊടുക്കാതെ സഭയ്ക്കെതിരെ വിധി പുറപ്പെടുവിക്കുവാൻ നിലവിലുള്ള നേതൃത്വം ശ്രമിച്ചിട്ടുണ്ട്. അപകടം മണത്തറി 2 കൗൺസിൽ അംഗങ്ങൾ അന്ന് കേസിൽ കക്ഷി ചേർന്നു. കക്ഷി ചേർന്നതിന്റെ പേരിൽ കൗൺസിൽ അംഗങ്ങളെ പരസ്യമായി ആക്ഷേപിച്ച സംഭവം മുളക്കുഴ സീയോൻകുന്നിൽ നടന്നത് ഏവർക്കുമറിയാം. 2012 ലും ഇതുപോലെ കുൽസിത മാർഗ്ഗത്തിലൂടെയാണ് മുൻ ഓവർസിയറെ ഇദ്ദേഹം പുറത്താക്കി സ്ഥാനം കൈക്കലാക്കിയത്. അന്ന്

(ശേഷം പേജ് 8)

# ഐ.പി.സി പുതിയ നേതൃത്വം നിലവിൽ വന്നു



പാസ്റ്റർ ജേക്കബ് ജോൺ



പാസ്റ്റർ വിൽസൻ ജോസഫ്



പാസ്റ്റർ കെ.സി.ജോൺ



പാസ്റ്റർ തോമസ് ഫിലിപ്പ്



സജി പോൾ

**കുമ്പനാട്:** കോടതി വിധിയെ തുടർന്ന് അനിശ്ചിതത്വത്തിലായിരുന്ന ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭാ ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പു പ്രക്രിയകൾ പൂർത്തിയായി. പ്രസിഡന്റായി പാസ്റ്റർ ജേക്കബ് ജോണും (ഹിമാചൽ), (വൈസ് പ്രസിഡന്റായി പാസ്റ്റർ വിത്സൻ ജോസഫ് (യുഎഇ), ജനറൽ സെക്രട്ടറിയായി പാസ്റ്റർ കെ.സി. ജോൺ (കേരളം), ജോ. സെക്രട്ടറിയായി പാസ്റ്റർ തോമസ് ഫിലിപ്പ് (കേരളം), ട്രഷററായി സജി പോൾ (കേരളം) എന്നിവർ ഔദ്യോഗികമായി ചുമതലയേറ്റു.

ആഗസ്റ്റ് 10ന് നടന്ന ജനറൽ എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനം തിരുവല്ല മുൻസിഫ് കോടതി താൽക്കാലികമായി തടഞ്ഞിരുന്നു.

ആഗസ്റ്റ് 26ന് സ്റ്റേ മാറ്റിക്കൊണ്ട് കോടതി ഉത്തരവിറക്കിയതോടെയാണ് ഫലപ്രഖ്യാപനം നടത്താൻ കഴിഞ്ഞത്.

ജനറൽ പ്രസിഡന്റായി പാസ്റ്റർ ജേക്കബ് ജോൺ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ മൂന്നു വർഷം പ്രസിഡന്റായിരുന്ന അദ്ദേഹം സഭയുടെ ആത്മീയ, ഭൗതീക രംഗങ്ങളിൽ മികച്ച നേട്ടങ്ങൾക്ക് കാരണമായി. എതിരില്ലാതെയാണ് അദ്ദേഹം പ്രസിഡന്റായി രണ്ടു തവണയും തിരഞ്ഞെടുക്കപ്പെട്ടത്.

പാസ്റ്റർ കെ.സി. ജോൺ ഇതു രണ്ടാം തവണയാണ് ജനറൽ സെക്രട്ടറിയാകുന്നത്. കഴിഞ്ഞ തവണത്തെ അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പ് ഒരു വർഷത്തിനുശേഷം ഒരു കോടതിവിധിയിലൂടെ അസാധുവാക്കപ്പെടുകയായിരുന്നു. വീണ്ടും സെക്രട്ടറി സ്ഥാനത്തേക്ക് എത്തിയത് എതിരില്ലാതെയാണ്. തിരുവല്ല സെന്റർ പാസ്റ്ററും പവർ വിഷൻ ചാനൽ ചെയർമാനുമാണ്.

ജോ. സെക്രട്ടറിയായി പാസ്റ്റർ തോമസ് ഫിലിപ്പും എതിരില്ലാതെ ഔദ്യോഗിക സ്ഥാനത്തെത്തി. മികച്ച പ്രഭാഷകനായ തോമസ് ഫിലിപ്പ് ഇതാദ്യമായാണ് എക്സിക്യൂട്ടീവ് പദവികളിൽ എത്തുന്നത്.

വൈസ് പ്രസിഡന്റ്, ട്രഷറാർ എന്നീ സ്ഥാനങ്ങളിലേക്ക് മാത്രമാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടി വന്നത്. അതിൽ വൈസ് പ്രസിഡന്റ് സ്ഥാനത്ത് അഞ്ച് സ്ഥാനാർത്ഥികളാണ് ഉണ്ടായിരുന്നത്. പാസ്റ്റർ വിത്സൻ ജോസഫ് തിരഞ്ഞെടുക്കപ്പെട്ടു. യു.എ.ഇ റിജിയൻ, കർണാടക സ്റ്റേറ്റ് എന്നിവയുടെ പ്രസിഡന്റായിരുന്നു. പത്തനംതിട്ട സെന്റർ പാസ്റ്ററാണ്.

ട്രഷററായി സജി പോൾ വിജയിച്ചു. കോട്ടയം മൂലേടം സഭാംഗവും സ്റ്റേറ്റ് കൗൺസിൽ മുൻ അംഗവുമാണ്. ദോഹയിൽ ബിസിനസ് ചെയ്യുന്നു.

വിധി സംബന്ധിച്ച ഔദ്യോഗിക രേഖ കോടതി വെബ്സൈറ്റിൽ നിന്ന് ലഭിച്ചശേഷമാണ് വോട്ടെണ്ണൽ ആരംഭിച്ചത്. ഇലക്ഷൻ കമ്മീഷണറായി സി. ഐസക്ക് പ്രവർത്തിച്ചു.

ഫലപ്രഖ്യാപനത്തെ തുടർന്ന് ഔദ്യോഗിക സ്ഥാനാർത്ഥികൾ മിനിറ്റ്സ് ബുക്കിൽ ഒപ്പിട്ട് ഔദ്യോഗികമായി അധികാരം ഏറ്റെടുത്തു. തുടർന്ന് പുതിയ എക്സിക്യൂട്ടീവ് സഭാ ജനങ്ങൾക്കും ഇലക്ഷൻ കമ്മീഷനും നന്ദി പറഞ്ഞു.

# ചർച്ച് ഓഫ് ഗോഡ് കർണ്ണാടക കൺവൻഷൻ



പാസ്റ്റർ എം. കുഞ്ഞപ്പി



പാസ്റ്റർ തോമസ് പോൾ

**ബാഗ്ളൂർ :** ഒക്ടോബർ 28 മുതൽ നവംബർ 1 വരെയുള്ള തീയതികളിൽ കൊത്തന്നൂർ എബനേസ്സർ നേഴ്സിംഗ് കോളജിൽ വച്ച് ചർച്ച് ഓഫ് ഗോഡ് കർണാടക കൺവൻഷൻ നടക്കും. പാസ്റ്റേഴ്സ് സി സി തോമസ്, പി.ആർ.ബേബി, കുര്യൻ ജോർജ്, ബാബു ചെറിയാൻ, ഷിബു ശാമുവേൽ, ജോ കുര്യൻ, സണ്ണിതാഴംമ്പള്ളം, സിബി തോമസ്, ഡോ. ഷിബു കെ.മാത്യു, ഡോ.ജോളി താഴംമ്പള്ളം തുടങ്ങിയവർ വിവിധ സമയങ്ങളിൽ ദൈവവചനം ശുശ്രൂഷിക്കുന്നു. ഇവാ. സോണി സി. ജോർജിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടക്കുന്നതാണ്. വൈകിട്ട് 5.30 ന് പൊതുയോഗം ആരംഭിക്കും, പാസ്റ്റേഴ്സ് കോൺ ഫ്രൻസ്, സഹോദരി സമ്മേളനം, വൈ.പി.ഇ സൺഡേസ്കൂൾ സമ്മേളനം, ബൈബിൾ ക്ലാസ്, ധ്യാനയോഗം, വിശുദ്ധ സഭായോഗം എന്നിവ യഥാസമയങ്ങളിൽ നടക്കുന്നതാണ്. ജനറൽ കൺവീനേഴ്സായി പാസ്റ്റർ എം. കുഞ്ഞപ്പി പാസ്റ്റർ തോമസ് പോൾ എന്നിവർ പ്രവർത്തിക്കുന്നു.

## കർണ്ണാട സ്റ്റേറ്റ് പ്രിഫ്രൻസ് ബാലറ്റ് സെപ്റ്റംബർ 10 ന്

ബാംഗ്ലൂർ: ഇൻഡ്യാപൂർണ്ണ സുവിശേഷ ദൈവസഭാ കർണ്ണാടകസ്റ്റേറ്റ് ഓവർസീയർ നിയമനത്തിനുള്ള പ്രിഫറൻസ് ബാലറ്റ് സെപ്റ്റംബർ 10ന് പകൽ 10 മണിക്ക് ബാനസവാഡിയിലുള്ള ഫുൾഗോസ്പൽ ചർച്ചിൽ വെച്ച് നടക്കുന്നതാണ്. ദൈവസഭാ വേൾഡ് മിഷന്റെ ക്രിഡൻഷ്യൽ (അധികാരപത്രം) ലഭിച്ചിട്ടുള്ള കർണ്ണാടക സ്റ്റേറ്റിലെ എല്ലാ ശുശ്രൂകന്മാരും തങ്ങളുടെ അധികാരപത്രവുമായി തക്കസമയത്ത് എന്നിച്ചേരേണ്ടതാണ്. അധികാര പത്രത്തിന്റെ കോപ്പി അയാലും മതിയാകും ഇത് കയ്യില്ലാത്തവർക്ക് വോട്ടു ചെയ്യുവാൻ കഴികയില്ല. എല്ലാ ശുശ്രൂഷകന്മാരും ഏറ്റവും ഗൗരവമുള്ള ഒരു സംരംഭമായി, ഇതിനെ കാണുകയും, കടന്ന് വരുകയും ചെയ്യുവാൻ ഈ പരസ്യം മൂലം അറിയിക്കുന്നു.

ബാഗ്ളൂർ
26–9–2016
ആജ്ഞാനുസരണം
പാസ്റ്റർ തോമസ് പോൾ
സെക്രട്ടറി
ഫോൺ നമ്പർ
944843135, 9886834301

YUGANTHYA SANDHESHAM
**Patron**
Rev. Shaji K. Daniel
**Chief Editor**
Rev. Shibu K. Mathew B.D. M.Th.
**Managing Editor**
Rev. J. Joseph
**Manager**
Pr. Shaiju Thomas
**Editorial Director**
John P. Ninan
**Circulation Manager**
Jacob Itty
**Sub Editor**
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Shaji Idukki
Rev. Lovegi Mathews Elias B.D.
**Overseas Editors**
Rev. John Thomas, Houston
Rev. Joe Kurian, England
Rev. Nibu Vellavanthanam,
Rev. Joy Abraham U.A.E
**Advisory Board**
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
K. Abraham Konni
Rev. T. Thomas
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese

Rev. P. C Cherian
Viju Thomas, Dallas
**Co-ordinators**
**Kuwait**: A.V. Sunny
Mathew Daniel
**Abudhabi**: Rev. P.T Prasad
Thomas Ninan
Rev. Jose Mallissery
**Sharjah**: Rev. Jose George
**Doha**: Lalu Jacob
**Saudi Arabia**: C. C. Chacko
Saji Chacko
Philip Abraham
**England**: Rohit Joseph
**Canada**: Wilson Varghese
**Jamaica**: Mohan
**Florida**: Samjee Varghese
**Dallas**: Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
**Houston**: James Samuel
**Tennassee**: Thomas Chacko
**Chicago**: Alex Ninan
**Detroit**: Roy Markose
**Philadelphia**: Jacob Varghese
**New Jersy**: Rev. Rajan Skaria
**New York**:
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
**Okalahoma**: Wilson John

**Yuganthya Sandhesham**
P.O. Box - 66, Thiruvalla - 1
Ph : 0469-2602838
Mob : 9446532838
9447313709
ysandhesham@saintly.com

പത്രാധിപലേഖനം

# നേതൃത്വങ്ങൾ സജീവമാകണം


ഡോ. ഷിബു കെ. മാത്യു

പ്രമുഖ പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിലെല്ലാം അടുത്തടുത്ത സമയങ്ങളിൽ നേതൃമാറ്റം നടന്നു കഴിഞ്ഞു. ചർച്ച് ഓഫ് ഗോഡിന്റെ മിക്ക സ്റ്റേറ്റുകളിലും റീജിയനുകളിലും നേതൃമാറ്റം നടന്നു ചിലയിടങ്ങളിൽ ഭരണത്തുടർച്ചയും ഉണ്ടായി. ഐപിസിയിലും മിക്ക പോസ്റ്റുകളിലും നേതൃമാറ്റം നടന്നു കഴിഞ്ഞു.

ജനം വലിയ പ്രതീക്ഷയോടെയാണ് പുതിയ നേതൃത്വങ്ങളെ തെരഞ്ഞെടുക്കുന്നത്. എന്നാൽ എല്ലാവരുടെയും എല്ലാ പ്രതീക്ഷകളും ആർക്കും സഫലമാക്കുവാൻ കഴിയുകയില്ല. എന്നാൽ വഹിക്കുന്ന സ്ഥാനങ്ങളോട് തികഞ്ഞ ആത്മാർത്ഥത കാണിക്കുവാനും തങ്ങളുടെ പ്രസ്ഥാനത്തോട് കൂറ് വെളിപ്പെടുത്തുവാനും നേതാക്കന്മാർക്ക് കഴിയണം.

നേതാക്കന്മാരുടെ പൂർണ്ണശ്രദ്ധ സഭകളുടെ എല്ലാ മേഖലകളിലും ഉണ്ടാകണം. മുടങ്ങി കിടക്കുന്ന പണികൾ പൂർത്തീകരിക്കുക, പുതിയ പ്രൊജക്ടുകൾ അവതരിപ്പിക്കുക, പ്രവർത്തന വിശാലതയിലേക്ക് തങ്ങളുടെ പ്രസ്ഥാനത്തെ നയിക്കുക തുടങ്ങിയ അനേക വെല്ലുവിളികൾ നേതൃത്വങ്ങൾ അഭിമുഖീകരിക്കേണ്ടിവരും. പുതിയ പ്രൊജക്ടുകൾ ആരംഭിക്കുന്നതിന് മുൻപ്, ഈ പ്രൊജക്ടുകൾ തങ്ങൾക്ക് പൂർത്തീകരിക്കുവാൻ കഴിയുമോ എന്ന് ഉറപ്പാക്കിയിട്ടു വേണം ആരംഭിക്കുവാൻ. ഒരു നേതാവ് ആരംഭിച്ചപണി 12 വർഷമായിട്ടും പൂർത്തീകരിച്ചിട്ടില്ല. അധികാരം കൈപ്പിടിയിൽ ഒതുക്കിയിട്ടും താൻ ആരംഭിച്ച പ്രൊജക്ട് പൂർത്തീകരിക്കാതെ നിർജീവമായിരുന്നു. ഇന്ന് അത് തീർക്കണമെങ്കിൽ ഇനിയും കോടികൾ കണ്ടെത്തണം. താൻ പൂർത്തീകരിച്ചില്ലെന്നു മാത്രമല്ല തന്റെ സഹപ്രവർത്തകൻ ആരംഭിച്ചത് പൂർണ്ണമായി പൂർത്തീകരിക്കാനും സമ്മതിച്ചില്ല.

നേതൃത്വങ്ങളെ പ്രധാനമായും പ്രശ്നത്തിലാക്കുന്നത് ഉപജാപക സംഘങ്ങളാണ്. ഇവരുടെ താൽപര്യത്തിനനുസരിച്ച് പ്രവർത്തിക്കുന്നതും ജനം തള്ളിയവരെ സപ്പോർട്ട് ചെയ്യുന്നതും നേതാക്കന്മാർക്ക് വിനയായി തീരുന്നത് കണ്ടിട്ടുണ്ട്. ഉപജാപക സംഘത്തെ കണ്ടിട്ടല്ല ജനം തെരഞ്ഞെടുക്കുന്നത് നേതാവാകാൻ പ്രസ്തുത വ്യക്തി യോഗ്യനാണെന്ന് കണ്ടിട്ടാണ്. അതുകൊണ്ട് ആരുടെയും താൽപര്യ പ്രകാരം ഭരണം നടത്തേണ്ടവരല്ല നേതാക്കന്മാർ. അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിൽ തെറ്റില്ല പക്ഷെ താൻ പ്രാർത്ഥിച്ച് എടുക്കുന്ന തീരുമാനങ്ങളും പ്രൊജക്ടുകളുമാണ് നടപ്പിലാക്കേണ്ടത്. ആര് മുൻനിരയിൽ വരണമെന്നും ആര് പിൻനിരയിൽ പോകണമെന്നും തീരുമാനിക്കുന്നത് ദൈവമാണ്. ദൈവീക പദ്ധതികളാണ് തന്റെ ശരീരമാകുന്ന സഭയിൽ നിറവേറുന്നത്. അതിൽ നമുക്കും പങ്കാളികളാകാം.

ജനത്തെ കരുതുന്ന, സ്നേഹിക്കുന്ന, ഏതു സമയത്തും സ്വാതന്ത്ര്യത്തോടെ സംസാരിക്കുവാൻ സാധിക്കുന്ന, ആത്മാർത്ഥതയുള്ള നേതൃത്വങ്ങളാണ് ഈ കാലഘട്ടത്തിൽ ദൈവം എഴുന്നേൽപിച്ചിരിക്കുന്ന ദൈവദാസന്മാർ. നമുക്കും അവരോടൊരുമിച്ച് ദൈവസഭയുടെ കെട്ടുപണിയിൽ പങ്കാളികളാകാം.



# യിസ്രായേൽ രാഷ്ട്രം ചരിത്രത്തിലൂടെ

(തുടർച്ച)



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ
+1 516 800 1394 +91 944 731 3709

അടിമക്കച്ചവടത്തിൽ ലാഭം മാത്രം നോക്കിയിരുന്ന കച്ചവടക്കാർ അവസാനം ഇരുപത് വെള്ളിക്കാശ് നൽകാമെന്ന് സമ്മതിച്ചു. ഇരുപതുവെള്ളിക്കാശിനു യോസഫിനെ സഹോദരന്മാർ മിദ്യാന കച്ചവടക്കാർക്ക് വിറ്റു. കച്ചവടക്കാർ പോയിക്കഴിഞ്ഞപ്പോൾ അവർ ഭക്ഷണം കഴിച്ച് ആടുകളുമായി മുന്നോട്ടു നടന്നു.കുറേ കഴിഞ്ഞിട്ടാണ് രൂബേൻ മടങ്ങി വന്നത്. രൂബേൻ തിരികെ വന്ന് പൊട്ടക്കുഴിയിൽ നോക്കിയപ്പോൾ കുഴിയിൽ യോസഫ് ഇല്ല. ഇനി തന്റെ സഹോദരന്മാർ താൻ പോയപ്പോൾ അവനെ കൊന്നു കളഞ്ഞതായിരിക്കുമോ? അവൻ തന്റെ വസ്ത്രം കീറി നിലവിളിച്ചു. അവൻ തന്റെ സഹോദരന്മാരുടെ അടുത്തേക്ക് നിലവിളിച്ചു കൊണ്ട് ചെന്നു.'യോസഫിനെ ആ കുഴിയിൽ കാണുന്നില്ലല്ലോ...ഞാനിനി അവനെ അന്വേഷിച്ച് എവിടെ പോകും.. നിങ്ങൾ അവനെ കൊന്നു കളഞ്ഞോ? അപ്പനോട് ഇനി എന്ത് സമാധാനം പറയും' അവൻ ഉറക്കെ കരഞ്ഞു. യോസഫിനെ മിസ്രയീമിലേക്ക് പോകുന്ന മിദ്യാന കച്ചവടക്കാർക്ക് ഇരുപതു വെള്ളിക്കാശിനു വിറ്റ കാര്യം സഹോദരങ്ങൾ അവനോട് പറഞ്ഞു. രൂബേൻ മിദ്യാന കച്ചവടക്കാർ പോയ വഴിയിലൂടെ കുറേ ദൂരം പോയെങ്കിലും കച്ചവടക്കാരെ കാണാതെ നിരാശനായി മടങ്ങി വന്നു.. യോസഫ് കൊല്ലപ്പെട്ടതായി തന്നെ അപ്പനായ യാക്കോബിനെ അറിയിക്കാൻ അവർ തീരുമാനിച്ചു. അവർ യോസഫിന്റെ കുപ്പായം ഒരു ആടിനെ കൊന്ന് ആട്ടിൻ രക്തത്തിൽ മുക്കി എടുത്തു. എന്നിട്ട് യാക്കോബിന്റെ അടുക്കലേക്ക് കൊടുത്തയിച്ചിട്ടു പറഞ്ഞു'ഇത് യോസഫിന്റെ കുപ്പായം ആണോ എന്ന് നോക്കണം.ഇത് ഞങ്ങൾക്ക് ഇവിടെ മരുഭൂമിയിൽ നിന്ന് കിട്ടിയതാണ്. മരുഭൂമിയിലെ വന്യമൃഗങ്ങൾ സഞ്ചരിക്കുന്ന വഴിയിൽ നിന്ന് ഞങ്ങൾക്ക് കിട്ടിയതാണിത്. ശെഖേമിൽ നിന്ന് ദോഥാനിലേക്ക് ഞങ്ങളെ അന്വേഷിച്ച് വരുമ്പോൾ വഴിതെറ്റി പോയ യോസഫിനെ ദുഷ്ടമൃഗങ്ങൾ കടിച്ചു കീറിക്കാണും'യാക്കോബ് തന്റെ മകന്റെ കുപ്പായം തിരിച്ചറിഞ്ഞു. ദുഷ്ടമൃഗങ്ങൾ തന്റെ മകനെ കൊന്നു എന്ന് യാക്കോബ് വിശ്വസിച്ചു. അവൻ തന്റെ മകനെ ഓർത്തു ദുഃഖിച്ചു കൊണ്ടിരുന്നു. യാക്കോബിനെ ആശ്വസിപ്പിക്കാൻ മക്കളെല്ലാം എത്തി. പക്ഷേ അവരുടെ ഒരു ആശ്വാസവാക്കും യാക്കോബിനു ആശ്വാസമായില്ല.യോസഫിനെ വാങ്ങിയ മിദ്യാനകച്ചവടക്കാർ മിസ്രയീമിലെ അടിമ ചന്തയിൽ യോസഫിനെ വിൽക്കാനായി നിർത്തി. മിസ്രയീം രാജാവായ ഫറവോന്റെ കടമ്പടിനായകനായ പോത്തീഫറിനു മിദ്യാനകച്ചവടക്കാർ യോസഫിനെ വിറ്റു.

**യോസഫ് യഹൂദാ എഴുത്തുകളിൽ**

യഹൂദ റബ്ബിമാരുടെ പുസ്തകങ്ങളിൽ വളരെ വലിയ സ്ഥാനമാണ് യോസഫിന് നല്കിയിരിക്കുന്നത്. മിഡ്രാഷിക് എഴുത്തുകളിൽ ഇത്രയും സ്ഥാനം നല്കിയിരിക്കുന്ന വേറെ പിതാക്കന്മാരില്ല. യഹൂദ എഴുത്തുകളിലെല്ലാം സമുന്നതാമായ സ്ഥാനം നല്കി ആദരിക്കുന്നു യോസഫിനെ. പരിശുദ്ധാത്മാവ് ശരീരത്തിൽ വസിക്കുന്ന ദൈവത്തിന്റെ പ്രവാചകനായിട്ടാണ് റബ്ബിമാരുടെ എഴുത്തുകളിൽ യോസഫിനെ കാണുന്നത്. നീതിയുടെയും, സ്നേഹത്തിന്റെയും, സഹനത്തിന്റെ പ്രതീകമായിമായിട്ടാണ് റബ്ബിയാനിക്കൽ എഴുത്തുകളിൽ യോസഫിനെ കാണുവാൻ കഴിയുന്നത്. യാക്കോബിന് 90 വയസ്സുള്ളപ്പോഴാണ് യോസഫ് ജനിക്കുന്നത്. അദ്ദേഹത്തിന് ആറു വയസ്സുള്ളപ്പോൾ യാക്കോബും കുടുംബവും ഹാരാനിൽ നിന്ന് കനാനിലേക്ക് യാത്രയാകുന്നത്. വാർദ്ധക്യത്തിലെ മകനായതു കൊണ്ട് യാക്കോബ് യോസഫിനെ വളരെ സ്നേഹിക്കുകയും നിരവധി കളറുകളുള്ള കുപ്പായം നല്കി കൊടുക്കുകയും ചെയ്തു. ഇതു നിമിത്തം അവന്റെ സഹോദരന്മാർ അവനെതിരായി. അങ്ങനെയിരിക്കെ ഒരു നാൾ യോസഫ് താൻ കണ്ട സ്വപ്നത്തെ സഹോദരന്മാരോടും പിതാവിനോടും വിവരിക്കുകയും സഹോദരന്മാർക്ക് അതു കൂടുതൽ വൈരഗ്യം ഉളവാകുന്നതിന് കാരണമാകുകയും ചെയ്തു. അവസരം ഒത്തു വന്നപ്പോൾ ഒരു നാൾ യോസഫിന്റെ സഹോദരന്മാർ അവനെ പൊട്ടക്കുഴിയിൽ ഇടുകയും പിന്നീട് മിദ്യാന്യ കച്ചവടക്കാർക്ക് വിലിക്കുകയും ചെയ്തു. അങ്ങനെ മിസ്രയിമിൽ എത്തിയ യോസഫ് ആരംഭത്തിങ്കൽ അകമ്പടി നായകനായ പൊത്തിഫേറിന്റെ ഭവനത്തിൽ ഒരു അടിമയായി മാറുകയും പിന്നീട് കാരാഗൃഹത്തിലുമായി. ദൈവം യോസഫിനോട് കൂടെ ഇരുന്നതിനാൽ അവൻ മിസ്രയീമിലെ ഏറ്റവും ഉന്നതമായ സ്ഥാനത്ത് എത്തിച്ചേർന്നു. അതിന് കാരണമായത് മിസ്രിയീമ്യ രാജാവായ ഫറവോൻ കണ്ട ഒരു സ്വപ്നമാണ്. അത് വ്യഖ്യാനിക്കുവാൻ മിസ്രയീമിലെ മന്ത്രവാദികൾക്ക് ആർക്കും കഴിഞ്ഞില്ല. അങ്ങനെ പാനപാത്രവാഹകന്റെ സ്വപ്നത്തെ ശരിയായി വ്യാഖ്യാനിച്ച യോസഫിനെ പാനപാത്ര വാഹകൻ ഫറവോനോട് ശുപാർശ ചെയ്തു. ആ സ്വപ്നം വ്യഖ്യാനിക്കുവാൻ എത്തിച്ചേർന്നവൽ ഫറവോന്റെ മന്ത്രിയായി മാറി. ഫറവോൻ സ്വപ്നം കണ്ടതു പോലെ തന്നെ ഫലഭൂയിഷ്ഠമായ ഏഴ് വർഷങ്ങൾക്ക് ശേഷം ക്ഷാമത്തിന്റെ ഏഴ് വർഷങ്ങൾ ആരംഭിച്ചു. ഈജിപ്റ്റിൽ മാത്രമായി ക്ഷാമം ഒതുങ്ങി നിന്നില്ല സമീപ രാജ്യങ്ങളിലേക്കും ക്ഷാമം ബാധിച്ച് തുടങ്ങി. അതുകൊണ്ട് തങ്ങളുടെ ജീവൻ നില നിർത്തുവാൻ സന്ധാരണത്തിനായി ധാന്യം ലഭിക്കുന്ന ഈജിപ്റ്റിലേക്ക് വരുവാൻ ആളുകൾ നിർബന്ധിതരായി. അങ്ങനെ യോസഫിന്റെ സഹോദരങ്ങൾ യാക്കോബിന്റെ മക്കളും ധാന്യം വാങ്ങുവാൻ യോസഫിന്റെ അടുക്കൽ എത്തുകയും ആ രാജ്യത്ത് വാസം ഉറപ്പിക്കുയും ചെയ്തു. യോസഫ് തന്റെ സഹോദരന്മാരെ കണ്ട് പൊട്ടി കരഞ്ഞു. യോസഫിനെപ്പോലെ സരള ഹൃദയനും കൃപാലുവുമായ ഒരാൾക്ക് ഇത് കഠിനമായ പ്രവൃത്തിയാണ്. ദൈവം തന്റെ പതിനേഴാമത്തെ വയസ്സിൽ തന്നെ കാണിച്ച ദർശനത്തിന്റെ പൂർത്തികരണംപോലെ സഹോദരങ്ങൾ തന്റെ മുമ്പിൽ നമസ്കരിക്കുന്നു. കറ്റയെക്കുറിച്ചുള്ള അവന്റെ സ്വപ്നം ഇരട്ടപ്രവചനമാണ്. അവന്റെ സ്ഥാനമഹിമയും സർവ്വാത്മന നൽകുന്നു അംഗീകാരവും ആണ്. ജീവൻ രക്ഷിക്കുന്നതിനായി ധാന്യം അന്വേഷിച്ച് കൊണ്ട് അവന്റെ സഹോദരന്മാർ യോസഫിന്റെ മുമ്പാകെ വണങ്ങുന്നു. ദൈവം അബ്രഹാമിനോട് ചെയ്ത ഉടമ്പടി പോലെ അബ്രഹാമിന്റെ സന്തതി പരമ്പരകൾ യാക്കോബിന്റെ കാലത്ത് മിസ്രയിമിൽ വാസം ആരംഭിച്ചു. ജാതി വ്യവസ്ഥിതി ആ കാലഘട്ടത്തിൽ ഈജിപ്റ്റിൽ എല്ലായിടത്തും പ്രത്യക്ഷ്യമായിരുന്നു. മിസ്രീയിമിൽ ആ കാലത്തിൽ വിഭിന്ന ജാതികൾ ഒരുമിച്ച് താമസിക്കുകയും ചെയ്യുന്നു. യോസഫിന്റെ സമയത്ത് നാടോടികളായ ഇടയന്മാരായി ഈജിപ്റ്റിൽ എത്തിയ ഹിക്സോസ് വംശം തദ്ദേശിയരെ കീഴ്പ്പെടുത്തി അവിടുത്തെ ഫറവോമാരായി മാറി. മിസ്രയീമ്യർക്ക് ഏബ്രായരെ വെറുപ്പും എന്നാൽ ഫറവോന് ഇടയന്മാരെ ഇഷ്ടവുമായിരുന്നു. യാക്കോബിനോടുള്ള യോസഫിന്റെ ഉപദേശം മിസ്രയീമ്യരിൽ നിന്നും വേറിട്ട താമസിക്കുന്നതിനുള്ള ഉപദേശം ആയിരുന്നു. അതു തന്നെ ഫറവോനോട് ശുപാർശ ചെയ്യുകയും ചെയ്തു. തന്റെ കുടുംബം മിസ്രയിമ്യരുമായി ഇടപഴകി താമസിക്കേണ്ട എന്നുള്ള ശുപാർശയായിരുന്നു. ഇതൊരു ജാതിയ മുൻ വിധിയായിരുന്നു, സാമുഹികാധിഷ്ഠിതമായിരുന്നില്ല. കാരണം ആട്ടിടയന്മാരായ ഭരണാധികാരികളുടെ ക്രൂരമായ ഭരണത്തിന് ഇരയായ തദ്ദേശിയർ എല്ലാം ഇടയന്മാരേയും വെറുത്തിരുന്നു. അതുകൊണ്ടാണ് മിസ്രയിമ്യലെ സ്മാരകശിലകളിൽ ഇടയന്മാരെ വളരെ വൃത്തികെട്ടവരും ക്ഷൗരം ചെയ്യാത്തവരും, വികൃത ജീവികളും ഹീനരായ മനുഷ്യരായും ചിത്രീകരിച്ചിരിക്കുന്നത്. കാർഷിക വ്യവസായിക വൃത്തിയിൽ ആശ്രയിച്ചിരുന്ന രാജ്യം പരിഷ്കൃതരായിരുന്നു. അതുകൊണ്ടാണ് തങ്ങൾ ഇടയന്മാരാണെന്ന് പറയുവാൻ യോസഫ് യാക്കോബിനോട് പറയുന്നത്.

# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05-09-2016

വാല്യം – 12 ലക്കം: 9 സെപ്റ്റംബർ 2016 Annual Subscription RS. 100/-


## ഐ.പി.സി സൺഡേസ്കൂൾ : കുര്യൻ ജോസഫ് ഡയറക്ടർ



കുര്യൻ ജോസഫ്



പാ. ജോസ് തോമസ്



അജി കല്ലുങ്കൽ



ജോജി ഐപ്പ് മാത്യൂസ്

**കുമ്പനാട്:** ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ സൺഡേസ്കൂൾസ് അസോസിയേഷൻ കേന്ദ്ര ഡയറക്ടറായി കുര്യൻ ജോസഫും (കോട്ടയം) ജനറൽ സെക്രട്ടറിയായി പാസ്റ്റർ ജോസ് തോമസ് ജേക്കബും (എറണാകുളം) എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. ട്രഷറാർ അജി കല്ലുങ്കലിനും (തിരുവല്ല) എതിരില്ല. മറ്റു ഭാരവാഹികൾ : പാസ്റ്റർമാരായ സാം വർഗീസ്, ജെയിംസ് ഏബ്രഹാം മാവേലിക്കര, തോമസ് മാത്യു ചാരുവേലിൽ (ഡെപ്യൂട്ടി ഡയറക്ടർമാർ) ജോജി ഐപ്പ് മാത്യൂസ്, സണ്ണി ഏബ്രഹാം, പാസ്റ്റർ സി.റ്റി.ജോൺ (അസോസിയേറ്റ് സെക്രട്ടറിമാർ), പാസ്റ്റർ സാംകുട്ടി ജോൺ ചിറ്റാർ, പി. എം.ഫിലിപ്പ്, ബെന്നി പുള്ളോലിക്കൽ, ഫിന്നി പി.മാത്യു, പാസ്റ്റർ തോമസ് ജോർജ് കട്ടപ്പന, പാസ്റ്റർ പി.വി.ഉമ്മൻ, പി.പി.ജോൺ, ജിസമോൻ കട്ടപ്പന, പാസ്റ്റർ ജിജി ചാക്കോ തേക്കുതോട്, പാസ്റ്റർ റ്റി.എ. തോമസ് വടക്കാഞ്ചേരി, റോയി ആന്റണി, സജി എം.വർഗീസ് (കേന്ദ്ര കൗൺസിൽ അംഗങ്ങൾ).

കുര്യൻ ജോസഫ് കഴിഞ്ഞ ടേമിലും ഡയറക്ടറായിരുന്നു. സൺഡേസ്കൂൾ മേഖല പ്രസിഡന്റ്, കേന്ദ്ര കമ്മിറ്റി അംഗം, പി.വൈ.പി.എ സ്റ്റേറ്റ് പ്രസിഡന്റ്, ഐ.പി.സി സ്റ്റേറ്റ് ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ദീർഘ വർഷങ്ങളായി സൺഡേസ്കൂൾ അധ്യാപകനാണ്. സൺഡേസ്കൂൾ പാഠപുസ്തകത്തിന്റെ പുനഃപ്രസിദ്ധീകരണത്തിലും നഴ്സറി പാഠപുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിലും പ്രധാന പങ്ക് വഹിച്ചു. സൺഡേസ്കൂൾ വാർത്താപത്രികയായ "ഞായറാഴ്ച പള്ളിക്കുടം" രജിസ്ട്രേഷനോടെ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു. ബെഥേൽ ഏജൻസീസ് ഉടമയും കോട്ടയം നോർത്ത് സെന്ററിലെ സീയോൻ ടാബർനാക്കിൾ സഭാംഗവും സഭാ ജനറൽ കൗൺസിൽ അംഗവുമാണ്.

ജനറൽ സെക്രട്ടറിയായ പാസ്റ്റർ ജോസ് തോമസ് ജേക്കബ് വാളകം സെന്ററിലെ വാളകം സഭാ ശുശ്രൂഷകനാണ്. കഴിഞ്ഞ ടേമിലും ജനറൽ സെക്രട്ടറിയായിരുന്നു. ഡെപ്യൂട്ടി ഡയറക്ടർ, അസോസി

(ശേഷം പേജ് 4)

## അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യ: റവ. ഡി. മോഹൻ സൂപ്രണ്ട് റവ. ടി.ജെ. സാമുവേൽ ജനറൽ സെക്രട്ടറി



റവ. ഡി. മോഹൻ



റവ. ടി.ജെ. സാമുവേൽ



റവ. പാപ്പി മത്തായി

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് ഓഫ് ഇന്ത്യയുടെ ജനറൽ സൂപ്രണ്ടായി റവ. ഡി. മോഹൻ (ചെന്നൈ), ജനറൽ സെക്രട്ടറിയായി റവ. ടി.ജെ. സാമുവേൽ (പുനലൂർ) എന്നിവർ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. റവ. പാപ്പി മത്തായി (ലക്നൗ), ആണ് ജനറൽ ട്രഷറർ. റവ. വി.ടി. എബ്രഹാം (കോഴിക്കോട്), റവ. റോബർട്ട് ജയരാജ് (ന്യൂഡൽഹി), റവ. മോസ്സസ്സ് മുറെ (കൽക്കട്ട) എന്നിവർ അസിസ്റ്റന്റ് സൂപ്രണ്ടുമാരായും റവ. പി.എസ്. ഫിലിപ്പ് (പുനലൂർ), റവ. ടി. ഫെസായോ (നോർത്ത് ഈസ്റ്റ്) എന്നിവർ ജനറൽ കമ്മറ്റി മെമ്പർമാരായും തെരഞ്ഞെടുക്കപ്പെട്ടു. ചെന്നൈ ന്യൂലൈഫ് അസംബ്ലീസ് ഓഫ് ഗോഡ് സഭാ ഓഡിറ്റോറിയത്തിൽ നടന്ന ദേശീയ സമ്മേളനത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്.

സൂപ്രണ്ടായി തിരഞ്ഞെടുക്കപ്പെട്ട റവ. ഡി മോഹൻ ഇൻഡ്യയിലെ ഏറ്റവും വലിയ പെന്തക്കോസ്തു സഭയായ ചെന്നൈ ന്യൂലൈഫ് എ.ജി സഭയുടെ സീനിയർ പാസ്റ്ററാണ്. സെക്രട്ടറി റവ. ടി.ജെ സാമുവൽ മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ടായും പ്രവർത്തക്കുന്നു.



ചർച്ച് ഓഫ് ഗോഡ് റീജിയൻ ഓവർസിയർ പാസ്റ്റർ കെ സി സണ്ണിക്കുട്ടി ഏഷ്യൻ സൂപ്രണ്ട് റവ. കെൻ ആൻഡേഴ്സിന്റെ സാന്നിധ്യത്തിൽ മുൻ ഓവർസിയർ പാസ്റ്റർ ജോസഫ് റ്റി. സാമിൽ നിന്നും ചുമതല ഏറ്റെടുക്കുന്നു.

## വെല്ലുവിളികൾ ഏറ്റെടുത്ത ഇലക്ഷൻ കമ്മീഷൻ



പാസ്റ്റർ ജെ. ജോസഫ്



പാസ്റ്റർ പി.ആർ. ബേബി



പാസ്റ്റർ കെ.സി. ജോൺ

മുളക്കുഴ: ജൂൺ 14 ന് നിർഭാഗ്യവശാൽ നടക്കാതെപോയ പ്രിഫറൻസ് ബാലറ്റ് വീണ്ടും ഓഗസ്റ്റ് 23 ന് നടത്തുവാൻ വേൾഡ് മിഷൻ തീരുമാനിച്ചപ്പോൾ എങ്ങനെ ഭംഗിയായി നടക്കും എന്നുള്ള ആശങ്ക വിശ്വാസികളിലും ശുശ്രൂഷകന്മാരിലും ഒരുപോലെ ഉയർന്നു. ഇലക്ഷൻ കമ്മീഷണറായി കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ ജോസഫിനെയും, ഫലപ്രസിദ്ധീകരണചുമതല പാസ്റ്റർ പി ആർ ബേബിയെയും നിരീക്ഷനായി പാസ്റ്റർ കെ. സി ജോണിനെയും വേൾഡ്മിഷൻ ചുമതല ഏൽപ്പിച്ചുകൊണ്ടുള്ള അറിയിപ്പ് വന്നപ്പോൾ കൗൺസിൽ അംഗങ്ങളും, ശുശ്രൂഷകന്മാരും, വിശ്വാസികളും നിയോഗിക്കപ്പെട്ടവർക്ക് പൂർണ്ണ പിന്തുണയുമായി രംഗത്ത് വന്നത് ശ്രദ്ധേയമായി തീർന്നു. ജൂൺ 14 ന് പോലീസ് രംഗപ്രവേശനം ചെയ്തത്, കോടതിയിൽ നിലനിൽക്കുന്ന കേസുകൾ എല്ലാം വീണ്ടും ആശങ്ക ഉളവാക്കുന്ന വിഷയങ്ങൾ ആയിരുന്നു എങ്കിലും ചുമതല ഏൽപ്പിക്കപ്പെട്ട ദൈവദാസന്മാരുടെ ആത്മാർത്ഥതയ്ക്കും കൃത്യനിഷ്ഠയ്ക്കും മുൻപിൽ തടസങ്ങൾ എല്ലാം വഴിമാറി. പിഴവുകൾ ഇല്ലാതെ, സൂക്ഷ്മതയോടെ പാസ്റ്റർ ജെ.ജോസഫും, പാസ്റ്റർ പി.ആർ. ബേബിയും നീങ്ങിയത് ഏവരുടെയും ശ്രദ്ധ ആകർഷിച്ചു. വിചാരിച്ചതിലും നേരത്തെ വോട്ടെടുപ്പ് പൂർത്തിയായത്, പരാതികളും, തടസങ്ങളും ഇല്ലാതെയുള്ള വോട്ടെണ്ണൽ, ഫലപ്രഖ്യാപനം, എല്ലാ പ്രക്രീയകളിലും ഉണ്ടായിരുന്ന സുതാര്യത, പാളിച്ചകളില്ലാത്ത ക്രമീകരണങ്ങൾ എന്നിവ എല്ലാവരുടെയും പ്രശംസ പിടിച്ചു പറ്റുന്നവയായിരുന്നു. ചർച്ച് ഓഫ് ഗോഡിനെ സംബന്ധിച്ചിടത്തോളം ആഗസ്റ്റ് 23 ന് നടന്ന നിർണായകമായ പ്രിഫറൻസ് ബാലറ്റിന് നേതൃത്വം കൊടുത്ത സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ.ജോസഫും, ഫെയ്ത്ത് സിറ്റി സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ പി ആർ ബേബിയും നാഷണൽ റപ്രസന്റേറ്റീവ് പാസ്റ്റർ കെ.സി. ജോണും അഭിനന്ദനാർഹരാണ്, സ്റ്റേറ്റ് കൗൺസിലിന്റെ പൂർണ്ണ പിന്തുണയും എല്ലാ പ്രക്രിയകളിലും ദൃശ്യമായിരുന്നു.

## ആത്മീയ മുന്നേറ്റത്തിന്റെ അടിത്തറയാണ് പ്രാർത്ഥന: പാസ്റ്റർ കെ.സി.തോമസ്




കുമ്പനാട് ഹെബ്രോൻപുരത്ത് നിർമ്മിച്ച ഐ.പി.സി കേരളാ സ്റ്റേറ്റ് പ്രാർത്ഥനാ ഗോപുരത്തിന്റെ ഉദ്ഘാടനം സഭാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് നിർവ്വഹിക്കുന്നു.

**കുമ്പനാട്:** ആത്മീയ മുന്നേറ്റത്തിന്റെയും ഉണർവ്വിന്റെയും അടിത്തറ പ്രാർത്ഥനയാണെന്ന് ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസ് പറഞ്ഞു. കുമ്പനാട് ഹെബ്രോൻപുരത്ത് നിർമ്മിച്ച ഐ.പി.സി കേരളാ സ്റ്റേറ്റ് പ്രാർത്ഥനാ ഗോപുരത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ഒന്നാം നൂറ്റാണ്ടിലെ ഉണർവ്വിന്റെ രഹസ്യം സെഹിയോൻ മാളികമുറിയിൽ തുടർച്ചയായി നടന്ന പ്രാർത്ഥനയും അനുതാപവുമാണെന്നും ഇന്നും അതിന്റെ അലയൊലികൾ അടങ്ങിയിട്ടില്ലെന്നും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഇപ്പോഴും നടക്കുകയാണെന്നും പാസ്റ്റർ കെ.സി.തോമസ് പറഞ്ഞു. സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി പാസ്റ്റർ സി.സി. എബ്രഹാം അദ്ധ്യക്ഷത വഹിച്ചു. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർമാരായ കെ.സി.ജോൺ, കെ.എം.ജോസഫ്, തോമസ് ഫിലിപ്പ്, രാജു പൂവക്കാല, ഷിബു നെടുവേലിൽ, റ്റി.എ.ചെറിയാൻ, ബെഞ്ചമിൻ വർഗ്ഗീസ്, മോനി കരിക്കം, ജോയി താനുവേലിൽ എന്നിവർ പ്രസംഗിച്ചു. രാജ്യത്തിന്റെ സമാധാനത്തിനും ആത്മീയ ഉണർവ്വിനുമായി 24 മണിക്കൂറും പ്രാർത്ഥിക്കുന്ന ടീമാണ് പ്രാർത്ഥനാഗോപുരത്തിൽ ഉള്ളത്. ആറുദിവസമായി നടന്നുവന്ന സ്റ്റേറ്റ് ഉപവാസ ഉണർവ്വ് സമ്മേളനവും സമാപിച്ചു.

# "പ്രെയ്സ് ആന്റ് വർഷിപ്പ്"
## (PRAISE AND WORSHIP)



പാസ്റ്റർ എം. കുഞ്ഞപ്പി

സത്യനമസ്കാരികൾ പിതാവിനെ സത്യത്തിലും ആത്മാവിലും ആരാധിക്കണം. യോഹ (4:23,24) നാമല്ലോ പരിച്ഛേദനക്കാർ ദൈവത്തിന്റെ ആത്മാവ് കൊണ്ട് ആരാധിക്കുകയും ക്രിസ്തുയേശുവിൽ പ്രസംഗിക്കുകയും ജഡത്തിൽ ആശ്രയിക്കാതിരിക്കുകയും ചെയ്യുന്ന നാം തന്നെ (ഫിലി.3:3) നിങ്ങളുടെ ശരീരങ്ങളെ ജീവനും, വിശുദ്ധിയും ദൈവത്തിന് പ്രസാദമുള്ള യാഗമായി സമർപ്പിക്കുവീൻ മനസ് പുതുക്കി (റോമ.12:1,2) ആരാധിക്കുക.

പുതിയനിയമ സഭയുടെ ആരാധന പ്രാപിക്കുന്നതിനേക്കാൾ ഉപരി കൊടുക്കുന്നതാണ്. ബന്ധനം അഴിക്കുവാനുള്ള ഒരു മാർഗ്ഗമല്ല ആരാധന ബന്ധനം അഴിഞ്ഞവരാണ് ആരാധിക്കേണ്ടത്. ആരാധനയിൽ ദൈവമഹത്വം വെളിപ്പെടുമ്പോൾ പിശാച് അലറിയോടും എന്നത് നിഷേധിക്കുന്നില്ല. പക്ഷേ പിശാചിനെ ഓടിക്കുവാനുള്ള ഒരു ഉപാധിയായി ആരാധന കാണരുത് ആരാധന തികച്ചും ദൈവപുത്രന് മഹത്വം കൊടുക്കുന്നതായിരിക്കണം. ഇങ്ങോട്ട് എന്തെങ്കിലും പ്രതീക്ഷിച്ച് കൊടുക്കുന്നതല്ല ആരാധന ആരാധനകന്റെ കടമയാണ് ആരാധ്യപുരുഷനെ ആരാധിക്കുക എന്നത് അനുഗ്രഹം പ്രാപിക്കുവാനുള്ള ഒരു ഉപാധിയായി കാണരുത്. ഉണർവ് ഉണ്ടാക്കുവാനുള്ള ഒരു ഉപാധിയായും മാറരുത്. ആരാധനയിൽ ഉണർവ്വ് ഉണ്ടാകും എന്നാൽ ഉണർവിന് വേണ്ടി ആരാധനയെ കാണരുത്. ആരാധനയുടെ കേന്ദ്രബിന്ദു ക്രിസ്തുതന്നെയായിരിക്കണം. അത് തികച്ചും നന്ദികരേറ്റൽ ആണ്. ഒറ്റയ്ക്കിരുന്ന് ആരാധിക്കാം എങ്കിലും സഭയിൽ കൂടി വന്ന് ഒന്നിച്ച് ക്രിസ്തുവിനെ ഉയർത്തുക എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർകൂടിവരുന്നവരുടെനടുവിൽ ഞാൻ ഉണ്ട് അങ്ങനെയെങ്കിൽ ഒന്നിലധികം പേർകൂടി വരുന്ന കൂടിവരവിൽ ആരാധകൻ ആരാധിക്കണം. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആദിമ വിശ്വാസികൾ കൂടി വന്നിരുന്നു. അപ്പോസ്തോലിക ഉപദേശത്തിൽ പെട്ട ഒന്നാണ് 'കൂട്ടായ്മ' ആചരിക്കുക എന്നത്. ഓരോരുത്തൻ വീട്ടിൽ ഇരുന്ന് ആരാധിച്ചു എന്നല്ല. ടി.വിയുടെ മുൻപിൽ ഇരുന്ന് ആരാധന കാണുന്നവർ ഉണ്ട്. അവർ സഭയിൽ വരാതെ റ്റി.വി.യുടെ മുൻപിൽ ഇരുന്ന് ആരാധിക്കുന്നു എന്ന് അവകാശപ്പെടുന്നു. ദൈവീക വ്യവസ്ഥ തെറ്റിയുള്ള ഒരു പ്രവണതയാണ് അതിനെ ഒരിക്കലും ദൈവവചനം പ്രോത്സാഹിപ്പിക്കുന്നില്ല "ബന്ധനം അഴിയും, കെട്ടുകൾ പൊട്ടും" ആരാധനയിങ്കൽ എന്ന് ഒരു പാട്ട് ഉണ്ട്. അത് ആരാധിക്കുന്നവനെ ഉദ്ദേശിച്ചല്ല. കെട്ടുകളും ബന്ധനവും ഒക്കെ അഴിഞ്ഞവർ ദൈവത്തിന് മഹത്വം കൊടുത്ത് ആരാധിക്കുമ്പോൾ പിശാച് ബാധിച്ചവരും കെട്ടപ്പെട്ടവരും ആ കൂട്ടത്തിൽ ഉണ്ടെങ്കിൽ ദൈവമഹത്വത്തിന്റെ തേജസ്സ് വെളിപ്പെടുമ്പോൾ അവരുടെ കെട്ടും ബന്ധനവും ഒക്കെയാണ് അഴിയുന്നത് ഭൗതീക അനുഗ്രഹം കിട്ടുവാനുള്ള ഒരു ഉപാധിയായോ, രോഗസൗഖ്യം കിട്ടുവാനുള്ള ഒരു ഉപാധിയായോ ആരാധനയെ കാണരുത്. ദൈവപുത്രൻ നമുക്ക് കാൽവറിയിൽ കൂടി ദാനമായി തന്ന രക്ഷയെ ധ്യാനിച്ചുകൊണ്ട് അവന്റെ നാമത്തെ സ്തുതിച്ച് മഹത്വകൊടുക്കുമ്പോൾ തന്നെ അനുഭവിച്ച ബഹുവിധമായ നന്മകൾക്ക് നന്ദി കൊടുക്കുന്നു. ഒരു ശുശ്രൂഷ കൂടിയാണ് നമ്മുടെ ആരാധന അന്യഭാഷ പറഞ്ഞ് പോകുന്നതല്ല ആരാധന. കൃപാവരങ്ങളുടെ പ്രദർശനവും ആരാധനയല്ലാ കൂടി വരുമ്പോൾ സങ്കീർത്തനം ഉണ്ട് (ന്യായപ്രമാണം യുഗത്തിലെ സങ്കീർത്തനം വായന അല്ല) ഉപദേശം, ഉണ്ട്, വെളിപ്പാട് ഉണ്ട്, അന്യഭാഷ ഉണ്ട്. വ്യാഖ്യാനം ഉണ്ട് ഇതെല്ലാം ആത്മീക വർദ്ധനയ്ക്കായി ഉതകട്ടെ. (2കൊരി.14:26) സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും, (കൊലോ.3:16) സഭാ കൂടിവരവുകളിൽ പ്രദർശിപ്പിക്കപ്പെടേണ്ടതും വ്യാപാരം ചെയ്യപ്പെടേണ്ടതുമായ ഒൻപത് ശക്തിയുടെ വരങ്ങൾ ഉണ്ട്. ഇരുപത്തിരണ്ടിലധികം കൃപാവരങ്ങളെപ്പറ്റി വിശുദ്ധ ബൈബിൾ പഠിപ്പിക്കുന്നു. അതിൽ ശക്തിയുടെ വരങ്ങളെകുറിച്ചാണ് (1കൊരി.12:4-11) പറഞ്ഞിരിക്കുന്നത്. ഇത് സഭാ കൂടി വരവുകളിൽ ഉണ്ടാകണം. ഒരു കൃപാവരത്തിലും കുറവില്ലാത്ത സഭയായിരുന്നു കൊരിന്ത് സഭ. ആരാധന കൂടിവരവുകളിൽ കൃപാവരങ്ങളുടെ പ്രദർശനം ഉണ്ട് പക്ഷേ അത് ആരാധനയല്ല. ആരാധന കൂടി വരവുകളിൽ കൃപാവങ്ങൾ വെളിപ്പെടണം. കുറെപ്പേർ കൃപാവരം ജ്വലിപ്പിച്ചത് ആരാധനയാകുന്നില്ല എന്നും ഓർക്കണം കർത്തൃമേശ അതിൽ തന്നെ ഒരു ആരാധനയല്ല. ദൈവ പുത്രനെ ഓർക്കാനും, ക്രൂശിനെ ധ്യാനിച്ച് അനുതപിക്കുവാനും കർത്താവിന്റെ വരവിനെ ഓർക്കാനും ദൈവമക്കൾ തമ്മിലുള്ള ഹൃദയയോജിപ്പും, ഐക്യതയും ഉറപ്പിക്കുവാനും തിരുമേശ മുഖാന്തിരം ആകുന്നു. അതിൽ കൂടി ചിലർക്ക് സൗഖ്യം ലഭിച്ചു. എന്ന് വരാം എന്നാൽ രോഗസൗഖ്യത്തിന് വേണ്ടിയല്ല കർത്തൃമേശ നടത്തുന്നത് അത് അപ്പോസ്തല ഉപദേശമായതുകൊണ്ട് നാം അത് പാലിക്കണം. യേശുവിന്റെ ക്രൂശിനേയും ചൊരിഞ്ഞ രക്തത്തേയും അതിൽ കൂടികിട്ടിയ പാപമോചനത്തേയും ഓർക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ അടിപ്പിണരുകളാൽ സൗഖ്യം ലഭിക്കും. പക്ഷേ തിരുമേശ സൗഖ്യത്തിന്റെ ഉപാധിയായി കാണരുത്. സംഗീത ഉപകരണങ്ങൾ ആരാധനയിൽ ഉപയോഗിക്കുന്നതിൽ തെറ്റില്ല പക്ഷേ പുതിയനിയമ ആരാധനയിൽ ഒന്നാം നൂറ്റാണ്ടുമുതലുള്ള ആരാധന ക്രമങ്ങളിൽ സംഗീത ഉപകരണത്തിന് വലിയ പ്രാധാന്യം കാണുന്നില്ല. അത്യുച്ചനാദമുള്ള കൈത്താളങ്ങൾ ആകാം ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുമ്പോൾ ആരാധകന്റെ കൈയും കാലുകളും ശരീരവും ചലിക്കുകയും കരങ്ങൾ അടിക്കുകയും വായ് തുറന്ന് സ്തുതിസ്തോത്രങ്ങൾ പാടുകയും ചെയ്യുന്ന അവസ്ഥ ഉണ്ട്. എന്നാൽ ആരാധന ശബ്ദകോലാഹലമായി മാറരുത്. ഏറ്റുപറച്ചിലോടും, ആത്മതപനത്തോടും ആരംഭിക്കുന്ന പ്രാർത്ഥന ഹൃദയാന്തർഭാഗത്ത് നിന്ന് ഉയരുന്ന അനുതാപത്തിൽ ശുദ്ധീകരണം പ്രാപിച്ച് ഹൃദയത്തിൽ നിന്നും ധൂപകലശം ഉയരുന്നതു പോലെ നന്ദി കരേറ്റി നടത്തുന്ന സ്തോത്രയാഗമാണ് യഥാർത്ഥആരാധന. സ്തോത്രാർപ്പണം, സ്തുതി, മഹത്വം കരേറ്റൽ ഹൃദയത്തിൽ മാത്രം ഒതുങ്ങുന്നില്ല അത് ശരീരത്തിൽ പ്രകടമാകും അവിടെ മറ്റാരും ഉയർത്തപ്പെടുന്നില്ല. എല്ലാറ്റിന്റേയും നിറവായ ക്രിസ്തു മാത്രം ഉയർത്തപ്പെടുന്നു. ആരാധനയുടെ കേന്ദ്ര ബിന്ദുവും സഭയുടെ തലയും ക്രിസ്തവത്രെ. ജീവനും, ചൈതന്യവുമുള്ള ആരാധന അവിടെ സമ്പൂർണ്ണമായി ആരാധകൻ തന്നെ തന്നെ സമർപ്പിക്കണം. ആത്മാവിന്റെ സ്വാതന്ത്ര്യത്തിൽ ആരാധിക്കണം. പ്രസ്തുത സ്വാതന്ത്ര്യം, ദൈവവചനവ്യവസ്ഥയിൽ നിന്നുമാത്രം ആയിരിക്കണം. ദൈവപ്രമാണം ലംഘിച്ചുള്ള ഒരു നിലപാടും ഒരു സത്യാരാധകന് പാടില്ല. അതാണ് കൃപാവര വ്യാപാരത്തിൽ പൗലോസ് പറയുന്നത് എല്ലാം ചന്തമായും ക്രമമായും ആയിരിക്കട്ടെ. ചില ശുശ്രൂഷകന്മാർ പറയുന്നത് കേട്ടിട്ടുണ്ട് ഇനി നമുക്ക് ഒരു പാട്ടുപാടി ആരാധിക്കാം. അതുവരെ നടന്നത് ആരാധനയല്ലെ എന്ന ചോദ്യം ഉയരുന്നു പാട്ടുപാടിയെങ്കിൽ മാത്രമേ ആരാധനവരുകയുള്ളോ? പഴയഭക്തന്മാർ പാടിയ പാട്ടുകൾ കുറെപാടി തീർക്കുന്നതല്ല യഥാർത്ഥ ആരാധന. സ്വതന്ത്ര ഗ്രൂപ്പുകളുടെ രംഗപ്രവേശനവും, ഹൃദയത്തിൽ തോന്നുന്നതെല്ലാം ഉപദേശമാക്കിയും, ദൈവവചനവ്യവസ്ഥയില്ലാതെ ഊതലും ഉന്തലും, ശാപം മുറിക്കലും, ഭൗതീക അനുഗ്രഹങ്ങളുടെ വാഗ്ദാനങ്ങളും മറ്റുള്ളവരെ ശപിക്കുന്നതും ഒക്കെ ആരാധനയുടെ ഭാഗമാക്കി ഇന്ന് പിശാചിനാൽ തീർത്തും ഉപയോഗിക്കപ്പെടുന്ന ഒരു ഗണം വിശുദ്ധ ബൈബിളിന്റേയും സുവിശേഷത്തിന്റേയും മറവിൽ വിലസുന്നുണ്ട്. ഇതിന് ഒരു അറുതി വന്നേമതിയാകയുള്ളൂ. ഇവിടെയാണ് പിശാചിന്റെ മറ്റ് ചിലവിക്രിയകൾ വെളിപ്പെട്ടത് ചിരിയാരാധന, കരയാരാധന, ഉരുളാരാധന, നീന്താരാധന, തുള്ളാരാധന, ഓട്ടാരാധന, അടുത്തിരിക്കുന്നവരെ തൊഴിക്കുന്ന തൊഴിയാരാധന ദൈവവചന വ്യവസ്ഥ വിട്ട് പിശാചിനെ ഉരുവേറ്റി നടത്തുന്ന ഈ വികൃതികൾ ദൈവത്തെയും, ദൈവസന്നിധിയേയും തീർത്തും അവഹേളിക്കുന്നതാണ്.

ചിലവർഷങ്ങൾക്ക് മുൻപ് അമേരിക്കയിൻ സാമാന്യം വലിയ ഒരു സഭയിൽ സഭായോഗത്തിൽ സംബന്ധിച്ച ഞാൻ സ്തംഭിച്ചു നിന്ന ഒരു രംഗമുണ്ട് മറ്റൊന്നുമല്ല സഭാ യോഗംപ്രാർത്ഥിച്ച ആരംഭിച്ച ശുശ്രൂഷകൻ നടത്തിയ ഒരു പ്രസ്താവന ഇങ്ങനെയായിരുന്നു. ദൈവമക്കളെ നമ്മുടെ സഭയിൽ പ്രെയ്സ് ആന്റ് വർഷിപ്പ് നടത്തുന്ന കുഞ്ഞുങ്ങൾ മറ്റൊരു സ്റ്റേറ്റിൻ ഒരു സ്പെഷ്യൽ പ്രോഗ്രാമിന് പോയിരിക്കയാണ് അതുകൊണ്ട് ഇന്ന് നമുക്ക് പ്രെയ്സ് ആന്റ് വർഷിപ്പ് ഇല്ല നമുക്ക് കയ്യടിച്ച് ഒന്ന് രണ്ട് പഴയ പാട്ടുകൾപാടി ആരാധിക്കാം. ആരാധന സഭയിലെ പ്രെയ്സ് ആന്റ് വർഷിപ്പ് ടീമിനെ കേന്ദ്രീകരിച്ചാണോ? അവർ ഇല്ല എങ്കിൽ ആരാധന ഇല്ലേ? തലേദിവസം ഒത്തുകൂടി പാടി പഠിച്ച് ട്രെയിനിങ്ങ് ചെയ്താണോ ദൈവത്തെ ആരാധിക്കേണ്ടത് തലേന്ന് പരിശീലനം ചെയ്ത ഒരു ഗാനമേളയല്ല ആരാധന. അവർ സ്റ്റേജിൽ കയറുന്നു പരിശീലനം ചെയ്ത് പാട്ടു പാടുന്നു. സദസ്സിനെകൊണ്ട് പാടിപ്പിക്കുന്നു, കൈ ഉയർത്തിപ്പിക്കുന്നു കൈ വീശിപ്പിക്കുന്നു, ഉറക്കെ പാടാൻ പറയുന്നു, 30 മിനിട്ടിൽ കൂടുതൽ പ്രായംമുള്ളവരെയൊക്കെ നിറുത്തുന്നു. നിന്നാരാധന എന്ന് പേർ കൊടുക്കാം. പ്രായമുള്ളവരൊക്കെ വളരെ പ്രയാസപ്പെടുന്നത് കണ്ടിട്ടുണ്ട് ആത്മനിയോഗമുള്ളവർ എഴുന്നേല്ക്കട്ടെ. ഇരിക്കുന്നവർ ഇരിക്കട്ടെ. അതൊന്നും മറ്റൊരാൾ പറഞ്ഞ് നിർബന്ധിച്ച് ചെയ്യേണ്ടതല്ല. ആരാധനയിൽ ഒരുവന് എഴുന്നേൽക്കണമെന്ന് നിയോഗം ഉണ്ടെങ്കിൽ തനിയെ എഴുന്നേല്ക്കും അവിടെ ആരും കർത്തൃത്വം ഉപയോഗിക്കേണ്ട. യഥാർത്ഥആരാധകനോട് ഒന്നും പറഞ്ഞുചെയ്യിപ്പിക്കേണ്ട പരിശുദ്ധാത്മാവ് എങ്ങനെനിയോഗവും നിയന്ത്രണവും നല്കുന്നുവോ അതുപോലെ ദൈവവചനവ്യവസ്ഥയിൽ ആരാധിക്കാം. പ്രെയ്സ് ആന്റ് വർഷിപ്പ് ടീം സ്റ്റേജിൽ കയറി അവരുടെ പ്രകടനം നടത്തി കഴിഞ്ഞാൽ ശ്രദ്ധിച്ചിട്ടുണ്ട് മിക്കയിടങ്ങളിലും അവർ തുടർന്നുള്ള സഭാ ആരാധനയിലും വചനശുശ്രൂഷ ശ്രദ്ധിക്കുവാനും അവരെ കാണാറില്ല ഇത് സാത്താന്റെ ഏറ്റവും വലിയ ഒരു തന്ത്രമാണ്. ഉത്സവത്തിനും മറ്റും ഗാനമേള നടത്തി സ്ഥലം വിടുന്നവരെപ്പോലെയാകരുത് നമ്മുടെ യുവജനങ്ങൾ. ആരാധനയുടെ എല്ലാഭാഗങ്ങളിലും അവർ വിധേയപ്പെടണം അവരുടെ പ്രോഗ്രാം കഴിഞ്ഞാൻ പിന്നെ മറ്റൊന്നിനും അവർ ഇല്ല. ചിലയിടങ്ങളിൽ ഈ ടീമിന്റെ വസ്ത്രധാരണം പോലും യോഗ്യമല്ല. എന്തെങ്കിലും ഗുണദോഷം പറഞ്ഞാൽ പിന്നെ അവർ ചർച്ചിൽ വരികയില്ല എന്നാണ് മാതാപിതാക്കളുടെ ഭാഷ്യം. ശുശ്രൂഷകന്മാർക്കും എന്തെങ്കിലും പറയുവാൻ ഭയമാണ്. ഈ പ്രവണത ഇന്ന് വർദ്ധിച്ചു വന്നിരിക്കുന്നു. ഇതിന് മാറ്റം ഉണ്ടാകണം ആരാധനകാണുവാനല്ല, ദൈവജനം ആരാധിക്കുവാൻ വന്നവരാണ്. സംഗീത ഉപകരണങ്ങൾ വായിക്കുന്നവന്റെ സാമർത്ഥ്യത്തിന് മാർക്കിടാനും സ്വരത്തിന് മാർക്കിടാനും വിധിപറയുവാനുമല്ല ദൈവജനം ആരാധനയ്ക്ക് പോകേണ്ടത്. രക്തം തന്ന് വിലനല്കിയ ദൈവകുഞ്ഞാടിനെ ആരാധിക്കുവാനാണ് എല്ലാവർക്കും ആ ബോധം ഉണ്ടാകണം. പാട്ടിന്റെ ശബ്ദത്തേക്കാൾ സംഗീതഉപകരണത്തിന്റെ ശബ്ദമാണ് ചിലയിടങ്ങളിൽ ഉയർന്നിരിക്കുന്നത്. സംഗീത ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നവർ ആരാധിക്കുന്നില്ല എന്നതാണ് മറ്റൊരു സത്യം. ഒരുവൻ മൈക്കും മറ്റും നിയന്ത്രിക്കുവാൻ ഒരു മുറിയിലോ ഹോളിന്റെ ഒരു ഭാഗത്തോ കാണും അവന്റെ വായിൽ നിന്ന് ഒരു സ്തോത്രം പോലും വരാറില്ല. ചുരുക്കി പറഞ്ഞാൽ പരിശീലനം നടത്തി സഭയിൽ വന്ന് താളകൊഴുപ്പോടെ നടത്തുന്ന ഒരുഗാനമേളയായി അധഃപതിച്ച പ്രകടനത്തിന് നല്കുന്ന ഓമന പേരാണ് പ്രെയ്സ് ആന്റ് വർഷിപ്പ് മോശയുടെ അസാന്നിധ്യത്തിൽ അഹരോന്റെ നേതൃത്വത്തിൽ കാളക്കുട്ടിയുടെ മുൻപിൽ നടത്തിയതാള കൊഴുപ്പും നിർത്തവും കൂകിവിളിയും കോലാഹലവും ഓർത്തുപോകുന്നു. രക്ഷിക്കപ്പെട്ട ദൈവമക്കളുടെ ആരാധന പ്രാർത്ഥനയിൽ ആരംഭിക്കട്ടെ അനുതാപവും ആത്മതപനവും ഏറ്റുപറച്ചിലും കണ്ണുനീരും ഉണ്ടാകട്ടെ അയോഗ്യത സമ്മതിക്കട്ടെ. ഏറ്റുപറച്ചിലിൽ ശുദ്ധീകരണം ഉണ്ടാകട്ടെ ശുദ്ധഹൃദയത്തിൽനിന്ന് കണ്ണുനീരിൽ കുതിർന്ന സ്തോത്രാർപ്പണങ്ങൾ നന്ദി സൂചകമായി ഉയരട്ടെ അത് ഉയർന്നുവരട്ടെ നന്ദി കൊടുക്കും തോറും അത് വർദ്ധിച്ച് വർദ്ധിച്ചു വരട്ടെ ശരീരാത്മദേഹികൾ താൽമ്യം പ്രാപിച്ച് ഏകാഗ്രതയോടെ ക്രിസ്തുവിൽ കേന്ദ്രീകരിച്ച് ഉയരുന്ന സ്തോത്രസ്തുതിയിൽ ദൈവാത്മാവും ആരാധനകന്റെ അത്മാവും തമ്മിൽ സമ്മേളനിക്കട്ടെ. ആ സംഗമത്തിൽ അന്യഭാഷ വരും, ശരീരം ചലിക്കും മഹത്വം കൊടുത്ത് കൊടുത്ത് ആരാധകന്റെ ഉള്ളിൽ ഉണ്ടാകുന്ന ശൂന്യതയിൽ ദൈവമഹത്വം തള്ളികയറും ആ സന്തോഷം പറഞ്ഞറിയിക്കുവാൻ സാധ്യമല്ല ആ അനുഭവശ്രേഷ്ഠതയാണ് ആരാധനയ്ക്ക് ഉണ്ടാകുന്നത്. അവിടെ വിശ്വാസത്തിന്റെ പ്രഖ്യാപനം ഉണ്ട്. ആത്മാവിലും സത്യത്തിലും ദൈവജനം ദൈവത്തെ ആരാധിക്കട്ടെ. അഭിനയങ്ങളും, ജാഡകളും ഒഴിവാകട്ടെ.

# ഐ.പി.സി സൺഡേസ്കൂൾ ഭാരവാഹികൾ

(3-ാം പേജ് തുടർച്ച)

യേറ്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഐ.പി.സി സൺഡേസ്കൂൾ വി.ബി.എസ് തുടങ്ങുന്നതിൽ പ്രധാന പങ്ക് വഹിച്ചു.

ട്രഷറാറായ അജി കല്ലുങ്കൽ കഴിഞ്ഞ ടേമിലും ട്രഷറർ ആയിരുന്നു. തിരുവല്ല സെന്റർ സൺഡേസ്കൂൾ ഡെപ്യൂട്ടി സൂപ്രണ്ട്, സെന്റർ ട്രഷറർ, പി.വൈ.പി.എ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ സേവനം ചെയ്തു. രെഹബോത്ത് ബിൽഡേഴ്സ് ഉടമയും സഭാ കൗൺസിൽ അംഗവുമാണ്.

ഡെപ്യൂട്ടി ഡയറക്ടർമാരിൽ പാസ്റ്റർ സാം വർഗീസ് ചെങ്ങന്നൂർ സെന്ററിലെ മേൽപ്പാടം സഭാശുശ്രൂഷകനാണ്. സൺഡേസ്കൂൾ മുൻ ജനറൽ സെക്രട്ടറിയും ഡെപ്യൂട്ടി ഡയറക്ടറും അസോസിയേറ്റ് സെക്രട്ടറിയുമാണ്. സൺഡേസ്കൂൾ വി.ബി.എസ് തുടങ്ങുന്നതിൽ പ്രധാന പങ്ക് വഹിച്ചു. പാസ്റ്റർ ജെയിംസ് ഏബ്രഹാം മാവേലിക്കര ഈസ്റ്റ് സെന്ററിലെ ചെറുകുന്നം ശാലേം സഭാശുശ്രൂഷകനാണ്. സൺഡേസ്കൂൾ അസോസിയേറ്റ് സെക്രട്ടറി, മേഖലാ സെക്രട്ടറി, സെന്റർ സൂപ്രണ്ട്, കേന്ദ്രകമ്മറ്റി അംഗം, പി.വൈ.പി.എ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. സഭാ കൗൺസിൽ അംഗമാണ്.

എരുമേലി സെന്റർ പാസ്റ്ററാണ് തോമസ് മാത്യു ചാരുവേലി. സൺഡേസ്കൂൾ അസോസിയേറ്റ് സെക്രട്ടറി കേന്ദ്രകമ്മിറ്റി അംഗം, സെന്റർ സൂപ്രണ്ട്, പി.വൈ.പി.എ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. സഭാ കൗൺസിൽ അംഗമാണ്.

അസോസിയേറ്റ് സെക്രട്ടറിയായ ജോജി ഐപ്പ് മാത്യൂസ് മേപ്രാൽ ഹെബ്രോൻ സൺഡേസ്കൂൾ ഹെഡ്മാസ്റ്ററാണ്.

സൺഡേസ്കൂൾ കേന്ദ്ര കമ്മിറ്റി അംഗം, മേഖലാ സെക്രട്ടറി, സെന്റർ സെക്രട്ടറി, ഡെപ്യൂട്ടി സൂപ്രണ്ട്, പി.വൈ.പി.എ സ്റ്റേറ്റ് വൈസ് പ്രസിഡന്റ്, സീയോൻ കാഹളം ചീഫ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. പത്രപ്രവർത്തകനും എഴുത്തുകാരനുമായ ജോജി സെന്റർ സൺഡേസ്കൂൾ സെക്രട്ടറിയും സഭാ കൗൺസിൽ അംഗവുമാണ്.

സൺഡേസ്കൂൾ അസോസിയേറ്റ് സെക്രട്ടറിയായി രണ്ടാം തവണയാണ് സണ്ണി ഏബ്രഹാം. എറണാകുളം മേഖല സെക്രട്ടറിയായിരുന്നു. സഭാ കൗൺസിൽ അംഗവും സൺഡേസ്കൂൾ സെന്റർ സെക്രട്ടറിയുമാണ്.

പത്തനാപുരം സെന്ററിലെ പനവേലി സഭാ ശുശ്രൂഷകനാണ് പാസ്റ്റർ സി.റ്റി. ജോൺ. സൺഡേസ്കൂൾ അസോസിയേറ്റ് സെക്രട്ടറി, കേന്ദ്രകമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

# മാവേലിക്കര ഐ.ഇ.എം. നഗറിൽ 35 ദിവസത്തെ വേദപഠന ക്ലാസ്




## തീയതി: 2016 ഒക്ടോബർ 17 തിങ്കൾ മുതൽ ഡിസംബർ 2 വെള്ളി വരെ

**സമയം: എല്ലാ ദിവസവും രാവിലെ 10 മുതൽ 4 വരെ.**

**ക്ലാസുകൾ എല്ലാ ആഴ്ചയിലും തിങ്കൾ മുതൽ വ്യാഴം വരെ**



**ഉദ്ഘാടനം**

**റെജി.കെ.തോമസ്**

**(ഐ.ഇ.എം. ഡയറക്ടർ)**

### അദ്ധ്യാപകർ – വിഷയങ്ങൾ

ഡോ. ജോർജ്ജ് ശാമുവേൽ - ബൈബിളും ശാസ്ത്രവും, ഡോ. കെ.സി. ജോൺ - പ്രസംഗ ശാസ്ത്രം, ഡോ. ബി. വർഗ്ഗീസ് - ക്രിസ്തീയ നേതൃത്വം, ഡോ.ഐസക് വി. മാത്യു - കൗൺസലിംഗ്, ഡോ. പി.എം. ജോർജ്ജുകുട്ടി - ബൈബിളിന്റെ നിസ്തുലത, ഡോ. തോമസ് മാമ്മൻ - അന്ത്യകാലശാസ്ത്രം, ഡോ. ജെയ്സൺ തോമസ് - കാവ്യപുസ്തകങ്ങൾ, ഡോ. ജെസി ജെയ്സൺ - വ്യക്തിത്വ വികസനം, ഡോ.ജോർജ്ജ് ചെറിയാൻ - പ്രായോഗിക സുവിശേഷീകരണം, ഡോ. മാത്യൂസ് ചാക്കോ - മിഷൻ, ഡോ. സജി ഫിലിപ്പ് - ആരോഗ്യം, ഡോ. ജോജി ജോർജ്ജ് ഏബ്രഹാം - ദൈവസഭയും ഭാവിപ്രത്യാശയും, വർഗ്ഗീസ് പി. ജോർജ്ജ് - പ്രെയർ, ഇവാ.ചാണ്ടപ്പിള്ള ഫിലിപ്പ് - കാരാഗൃഹ ലേഖനങ്ങൾ, ജോർജ്ജ് കോശി മൈലപ്ര - ബൈബിൾ കാലഘട്ടങ്ങളിലൂടെ, റവ.റ്റി.ജെ.ശാമുവേൽ - വെളിപ്പാട് പുസ്തകം, റവ. എബി ഏബ്രഹാം - ലേഖനങ്ങൾ, പാ. അനിൽ കൊടിത്തോട്ടം - വെളിപ്പാട് - ദാനിയേൽ താരതമ്യപഠനം, റവ. ജോയി പാറയ്ക്കൽ - കർത്താവിന്റെ രണ്ടാം വരവും അനന്തര സംഭവങ്ങളും, പാ. കെ. എ. ഏബ്രഹാം - ക്രിസ്തീയ വിദ്യാഭ്യാസം, സുവി. ജോൺ പി. തോമസ് - ലേവ്യ യാഗത്തിലെ ക്രിസ്തു, പാ. പോൾ ഗോപാലകൃഷ്ണൻ - ബൈബിൾ പ്രവചനങ്ങൾ, പാ. പി. ജെ. ജെയിംസ് - വേദശാസ്ത്രം, പാ.തോമസ് ഫിലിപ്പ് വെണ്മണി - ഇസ്രായേലിന്റെ ചരിത്രം, പാ. റ്റി. ഡി. ബാബു - ബൈബിളും ഭാവിപ്രത്യാശയും, സുവി.ടൈറ്റസ് ഇടയാറന്മുള - പഞ്ചഗ്രന്ഥങ്ങൾ, സുവി. കെ. എ. ജോർജ് - യുഗങ്ങൾ, പാ. രാജു മേത്ര - ദൈവീക ന്യായവിധികൾ, പാ. ബാബു ചെറിയാൻ - യേശുക്രിസ്തു ജീവിതവും ഉപദേശവും, കാനം അച്ചൻ - മരണാനന്തര ജീവിതം ഒരു പഠനം, പ്രൊഫ. ഡേവിഡ് ഏബ്രഹാം - യേശുക്രിസ്തുവിന്റെ അത്ഭുതങ്ങൾ ഒരുപഠനം, പാ. കെ.ഒ. തോമസ് - പഴയനിയമത്തിലെ ക്രിസ്തു, റവ.ഒ.എം.രാജുകുട്ടി - യുഗങ്ങളിലൂടെ ദൈവീക ഇടപെടൽ, പാ. ബി. മോനച്ചൻ - പ്രായോഗിക ക്രിസ്തീയ ജീവിതം, പ്രൊഫ. ജേക്കബ് ചാണ്ടി - പ്രായോഗിക സുവിശേഷീകരണം, പാ.അജി ആന്റണി - മിഷൻ, പാ. ജെയിംസ് എം. പോൾ - കാര്യവിചാരകത്വം, പാ. സന്തോഷ് തോമസ് - പൗലോസിന്റെ വേദശാസ്ത്രം, പാ.എം.പൗലോസ് രാമേശ്വരം - ദൗത്യനിർവ്വഹണം, പാ. പി.സി.ചെറിയാൻ - ഇടയലേഖനങ്ങൾ, പാ.രാജു പൂവക്കാല - സുവിശേഷീകരണത്തിന്റെ സാധ്യതകൾ, പാ. പ്രിൻസ് റാന്നി - ബൈബിൾ വ്യാഖ്യാനം, പാ. ഷാജു സി. ജോസഫ് - ശിഷ്യത്വം, തോമസ് മാത്യു കരുനാഗപള്ളി (എ.ജി. എം.എസ്.ബി.റ്റി) - സാമ്പത്തികശാസ്ത്രം, പാ. ഷാജി എം. പോൾ - പരിശുദ്ധാത്മാവും കൃപാവരങ്ങളും, പാ. വി. എ. തമ്പി - മിഷൻ, സാജു മാത്യു - ബൈബിളിന്റെ സ്വാധീനം, പാ. കോശി വൈദ്യൻ - ബൈബിൾ പ്രവാചകന്മാർ, റവ.ജോസഫ് ഇടക്കാട്ടിൽ - കുടുംബം, പാ. കെ. ജോയി - ബൈബിൾ സർവ്വേ, പി.ജി.വർഗ്ഗീസ് കുട്ടി - ക്രിസ്തീയ വിശ്വാസം, പാ. സാജൻ മാത്യു - ബൈബിൾ ഒരു പഠനം, പാ. ബെൻസ് മാവേലിക്കര - സങ്കീർത്തനം ഒരു പഠനം, പാ. കെ. ജെ തോമസ് കുമളി - റോമാ ലേഖനം, പാ. അതിരൂപൻ - മതങ്ങൾ, റവ. പി. ജെ. ഏബ്രഹാം - എഫേസ്യ ലേഖനം, പാ. തോമസ് ഫിലിപ്പ് തിരുവല്ല - യേശുക്രിസ്തുവിന്റെ ഉപമകൾ ഒരു പഠനം, റവ. എം. കുഞ്ഞപ്പി - എബ്രായലേഖനം.

ഏതു സഭയിൽപെട്ട വ്യക്തിയാണെങ്കിലും സഭാവ്യത്യാസം കൂടാതെ ഈ കോഴ്സിൽ സംബന്ധിയ്ക്കാവുന്നതാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും, കർത്തൃദാസീദാസന്മാർക്കും, ഭാര്യ ഭർത്താക്കന്മാർ കുടുംബമായും, അങ്ങനെ സമൂഹത്തിന്റെ നാനാതുറകളിലുള്ള ആർക്കും പങ്കെടുക്കാം. 20 വയസ്സിനുമുകളിൽ എത്ര വയസുവരേയും പ്രായമുള്ളവർക്കും പങ്കെടുക്കാം. വിദ്യാഭ്യാസ യോഗ്യതയോ, മറ്റ് മാനദണ്ഡങ്ങളോ പ്രവേശനത്തിന് ഉണ്ടായിരിക്കുന്നതല്ല. ദിവസേന വന്നുപോയി പഠിക്കുവാൻ താല്പര്യമുള്ളവർക്കാണ് പ്രവേശനം. ക്ലാസുകൾ മലയാളത്തിൽ. പഠനം സൗജന്യം. താല്പര്യമുള്ളവർ **2016 സെപ്റ്റംബർ 21-ാം തീയതിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്ത് പ്രവേശന പാസ്സ് വാങ്ങേണ്ടതാണ്.** പഠനം പൂർത്തീകരിക്കുന്നവരുടെ ഗ്രാജുവേഷനും അംഗീകൃത സർട്ടിഫിക്കേറ്റ് വിതരണവും പഠനാനന്തരം അനവധി ദൈവദാസന്മാരുടെയും ദൈവമക്കളുടെയും സാന്നിദ്ധ്യത്തിൽ ഐ.ഇ.എം. ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടും. ദീർഘ വർഷങ്ങൾ വേദപാഠശാലകളിൽ പോയി പഠിക്കുവാൻ സാധിക്കാത്തവർക്ക് സുവർണ്ണാവസരം. കഴിഞ്ഞ വർഷത്തെ കോഴ്സിൽ 460 അപേക്ഷകരിൽ നിന്ന് 180 പേർക്കുമാത്രമാണ് പ്രവേശനം ലഭിച്ചത്, ആയതിനാൽ ഉടൻ തന്നെ നിങ്ങളുടെ സീറ്റ് ഉറപ്പുവരുത്തുക. പഠനവിഷയങ്ങളുടെ പ്രിന്റഡ് നോട്ടും ഫയലും വിഷയവുമായി ബന്ധപ്പെട്ട പുസ്തകങ്ങളും സൗജന്യമായി ക്ലാസുകളിൽ ലഭ്യമാണ്. ആധുനിക സൗകര്യങ്ങളുള്ള പ്രത്യേക ക്ലാസ്സ് റൂം ഇതിനായി സജ്ജീകരിക്കപ്പെട്ടിട്ടുണ്ട്. പങ്കെടുക്കുന്നവർക്ക് സംശയനിവാരണം നടത്തുന്നതിനായി അതാത് മേശകളിൽ ഉച്ചഭാഷണിയുടെ സഹായം ഉണ്ടായിരിക്കുന്നതാണ്. ക്ലാസ്സുകൾ നയിക്കുന്നവരുടെ വിഷയങ്ങൾ ആസ്പദമാക്കിയുള്ള വീഡിയോ പ്രദർശനം നടത്തപ്പെടും. പങ്കെടുക്കുന്നവർക്ക് അവരുടെ സംശയങ്ങൾ ക്ലാസ്സുകളിൽ ചോദിക്കുന്നതിനും സംവാദം നടത്തുന്നതിനും വേണ്ടിയുള്ള പ്രത്യേക ക്രമീകരണവും ചെയ്തിട്ടുണ്ട്. കഴിഞ്ഞ 9 വർഷങ്ങളായി നടന്നുവരുന്ന ഈ കോഴ്സിൽ സമൂഹത്തിന്റെ നാനാതുറകളിലുള്ള 1700-ൽപരം പേർക്ക് പങ്കെടുക്കുവാൻ സാധിച്ചു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ താഴെ കാണുന്ന ഫോൺ നമ്പറിൽ ഉടൻ ബന്ധപ്പെടുക.



2015 ലെ പഠിതാക്കൾ ക്ലാസ് റൂമിൽ ഒന്നിച്ചൊരു ദൃശ്യം

**9847472016**

**9526922636**

ദിവസേന വന്നുപോയി പഠിക്കുവാൻ താല്പര്യമുള്ളവർക്ക് മാത്രം പ്രവേശനം. താമസസൗകര്യം നൽകുന്നതല്ല



# ഡാളസ്സിൽ നല്ല ശമര്യാക്കാരനെപ്പോലെ പാസ്റ്റർ സന്തോഷ് പൊടിമല

കുമ്പനാട്, പൊടിമലയിൽ പാസ്റ്റർ പി.എം.ഫിലിപ്പിന്റെ ജ്യേഷ്ഠ സഹോദരന്റെ കൊച്ചുമകനാണ് പാസ്റ്റർ സന്തോഷ്. NACOG ന്റെ 2016 ലെ വൈസ് പ്രസിഡന്റായിരുന്നു. ഡാളസ് ബഥേൽ പെന്തെക്കോസ്തൽ അസംബ്ലി എന്ന സഭയുടെ പാസ്റ്ററും, സേക്രട്ട് ഹാൻസ്ഡ് ഓഫ് ഹോപ്പ് ഇൻഡ്യൻ -മിനിസ്ട്രിയുടെ സ്ഥാപക പ്രസിഡന്റുമാണ്. ദൈവസഭയിലെ ഒരു ഓർഡെയ്ൻ മിനിസ്റ്ററാണ് കർത്തൃദാസൻ സന്തോഷ് പൊടിമല.

ഒരുകാലഘട്ടത്തിൽ ഇൻഡ്യാ പെന്തക്കോസ്തു പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത് മുൻനിരയിൽ നിന്ന പാസ്റ്റർ പി.എം.ഫിലിപ്പിന്റെ ജ്യേഷ്ഠസഹോദരന്റെ മകൻ ബെഞ്ചമിൻ തോമസിന്റെ മകനാണ് പാസ്റ്റർ സന്തോഷ്, പ്രൊഫ.മാത്യുപി.തോമസ് പാസ്റ്റർ സന്തോഷിന്റെ പിതാവിന്റെ ജ്യേഷ്ഠനാണ്. 1980- ൽ പാസ്റ്റർ സന്തോഷ് രക്ഷാനിർണ്ണയം പ്രാപിച്ചു. 1983- ൽ സ്നാനം സ്വീകരിച്ചു. 1987- ൽ തന്റെ പിതാവിനോടൊപ്പം അട്ടപ്പാടിയിൽ സുവിശേഷ പ്രവർത്തനത്തിന് പോകുകയും. അവിടെ വച്ച് കർത്താവിന്റെ വേലക്ക് ദർശനവും വിളിയും ഉണ്ടായി. അവിടെ നിന്ന് പാസ്റ്റർ എൻ.റ്റി.കുരുവിളയുമായി നോർത്ത് ഇൻഡ്യയിലേക്ക് പോകുകയും മഹാരാഷ്ട്രയിൽ ഷോളാപൂരിൽ സുവിശേഷ പ്രവർത്തനം ചെയ്തു കൊണ്ടിരിക്കവെ I.C.P.F ൽ ചേരുകയും എറണാകുളത്ത് പ്രവർത്തിക്കുകയും ചെയ്തു. ആ സമയത്താണ് ഡെറാഡൂണിൽ പഠനത്തിന് പോകുകയും 1994-ൽ വേദശാസ്ത്ര ബിരുദം നേടി വില്ലേജ് മിനിസ്ട്രിക്കായി സമർപ്പിച്ച് ഇറങ്ങുകയും ചെയ്തത്. തുടർന്ന് ചാണ്ഡിഗഡിൽ പോകുകയും കർത്തൃവേലയിൽ വ്യാപൃതനാകുകയും ചെയ്തു. 1997-ൽ ഡെറാഡൂൺ ബൈബിൾ കോളജിന്റെ വാർഡൻ ആയി സേവനം ചെയ്തു. കഷ്ടപ്പെടുന്ന സുവിശേഷകരെക്കുറിച്ച് ഒരു ഭാരം ദൈവം കൊടുത്തു. അമേരിക്കയിലോ, ഏതെങ്കിലും മറ്റ് രാജ്യങ്ങളിലോ ദൈവം എന്നെ അയച്ചാൽ നൂറ് (100) സുവിശേഷകരെ എങ്കിലും സഹായിക്കാമായിരുന്നു എന്ന ചിന്ത തന്നിൽ വളർന്ന് വന്നു. അമേരിക്കയിൽ ഒക്കലഹോമയിൽ വരുവാൻ ദൈവം വഴി ഒരുക്കി. ഇന്റർ നാഷണൽ പെന്തോക്കോസ്തൽ ക്രിസ്ത്യൻ അസംബ്ലിയിൽ 8 വർഷം യൂത്ത് പാസ്റ്ററായി പ്രവർത്തിച്ചു. അതിന് ശേഷം ഡാളസ്സിൽ വന്നു, ചാപ്ളെയികോഴ്സ് പഠിച്ചു. തുടർന്ന് പ്രത്യേക അനുഭവങ്ങളും, കാഴ്ചപ്പാടുകളും ലഭിച്ചു. ആ സമയത്ത് ഡാളസ്സിൽ ഫെയ്ത്ത് റ്റാബർനാക്കിൾ ചർച്ച് ഓഫ് ഗോഡിന്റെ പാസ്റ്ററായി പ്രവർത്തിക്കുകയായിരുന്നു. മൾട്ടികളർ ചർച്ചിനെക്കുറിച്ച് വെളിപ്പാടു ലഭിച്ചതനുസരിച്ച് ആ നിലയിൽ തന്റെ പ്രവർത്തനം വഴി മാറി. ജീവിതത്തിൽ അഭിമുഖീകരിച്ച രണ്ട് വ്യത്യസ്ത അനുഭവങ്ങളാണ്. ഒരുനല്ല ശമര്യാക്കാരന്റെ ചിന്ത തന്നിൽ ശക്തമായത്. ഒന്ന് 86 വയസുള്ള ഒരു വെള്ളക്കാരി വൃദ്ധമാതാവ് താൻ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ വന്ന് തന്റെ ഉറക്കമില്ലായ്മയെക്കുറിച്ചും താൻ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും തന്നോടു പറഞ്ഞു അവരെ ആശ്വസിപ്പിച്ച് പ്രാർത്ഥിച്ച് അയച്ചു പിറ്റേദിവസം അവർ മരിച്ചു പോയി എന്ന വാർത്തയാണ് താൻ കേട്ടത്. അല്പം കൂടി നേരത്തെ അവർ ബന്ധപ്പെട്ടിരുന്നെങ്കിൽ എനിക്ക് ധാരാളം അവരെ സഹായിക്കുവാൻ കഴിയുമായിരുന്നു. വളരെ താമസിച്ചു പോയല്ലോ എന്ന ചിന്താഭാരം തന്നിൽ ഉണ്ടായി. രണ്ടാമത് അമേരിക്കയിലെ കറുത്ത വർഗ്ഗക്കാരനായ ഒരു യുവാവ് സന്തോഷ് പാസ്റ്റർ ജോലി ചെയ്യുന്ന ഹോസ്പ്റ്റലിൽ വന്ന് തന്റെ കഷ്ടതകളെ വിവരിച്ചു പറഞ്ഞു. തന്റെ കുഞ്ഞുങ്ങൾ പട്ടിണികിടക്കുന്നതായും യാതൊരു വരുമാനമാർഗ്ഗവുമില്ല എന്ന സങ്കടം പങ്കുവച്ചു. ഈ ചെറിയവന് നിങ്ങൾ ചെയ്യുന്നതെല്ലാം എനിക്ക് വേണ്ടി ചെയ്യുന്നു എന്ന ക്രിസ്തുവിന്റെ വചനം അദ്ദേഹത്തിൽ പ്രവർത്തിച്ചു. തന്റെ ശുശ്രൂഷയുടെ മറ്റൊരു വ

(ശേഷം പേജ് 8)

## SACRED HANDS OF HOPE INDIAN MINISTRIES

Dear friends and ministry partners,

The year 2015 was another blessed year for Sacred Hands of Hope Indian Ministries (SHHIM). It is our joy to do mission and ministry to marginalized people in Dallas, India and the Philippines. We would like to share our mission accomplishments that we achieved during 2015:

**Christian Education & Worship: Nurturing the spirit of the least**

We continue our Bible study and worship every Thursday with 40-60 homeless people and those recuperating from addiction regularly attend our Thursday spiritual events. Many of these former drug users are young people coming from broken families. We conduct education seminars to help them reenter into the community. We introduce to them the value of forgiveness and self-care for themselves.We inform them that changing one's bad attitude and behavior and living together as a faith community are important ingredients of living a meaningful and productive life. We train them to become eligible to work and help them to become qualified for hiring. One of the offerings we have is to obtain their G.E.D. certificate and training in auto and plumbing certificates through our partners. Yearly we have 30 people to these trainings. This allowed them to become gainfully employed and self-sustaining in jobs that provided a living wage.

We continue conducting awareness seminars to enable families to reunite and start a new beginning. Many families are reconciled as we assist them in developing a closer community in the spirit of Christ's loving care.

In the Philippines, we continue to support Pastor Elsa Baynosa. She recently passed the Teacher's Board examination and is now a licensed teacher. We support her church, the Christ The Rock Reformed Baptist Church in Lambunao, Iloilo as they conduct Vacation Church School and as they support poor families of her church and community during Christmas. We also support the Vacation Church School and Christmas mission of Salt Community Center Church in Cadiz City, Negros under the leadership of Pastor Jenny Espinosa.

SHHIM Board Member, Pastor Bunda visited our mission partners in the Philippines in September 2015. He lectured on pastoral care, leadership and spirituality in Palawan, Negros and Iloilo.

In India, we continue to support children of some pastors. Our Bible Training Center continues to train young people for ministry. Our Bible students do mission in the community by helping the poor, especially women to become more aware of living together in a healthy community.

**Health & Economic Projects: Developing People**

In Dallas, we continue to support the poor. Every Saturday we feed up to 200 people and the same occurs on every Sunday. In addition, quarterly we prepare about 700 meals for the poor. We washed their feet and give them new socks and shoes. We offer people haircut and provide dental care. We also provide care for new mothers, baby formula and diapers for the new little ones. We would like to thank Baylor's Faith in Action Incentives, Central Market and Snap Kitchen for their food, baby products, and medical resources that they donate to assist the families that we serve. In India, we continue to do medical missions and educate communities on adult literacy programs, health and hygiene and continue to support our Bible school and orphanage.

**Research & Publication: Producing educational reso-urce**

We hope to publish Bible study materials that we can share to our beneficiaries. We want to assist the poor and their families as they walk their faith in Christ. We also give free Bibles to some of our beneficiaries who accepted Christ as their Savior.

**Integrated Development Projects: Promoting wellness**



പാസ്റ്റർ സന്തോഷ് പൊടിമലയും കുടുംബവും

We continue to do mission in India through our parsonage and Bible school. We support poor children in their studies and in paying for their tuition, uniforms, food and lodging and medicine. These poor but deserving children continue to inspire us to continue to do mission in India. This year we are able to buy a facility in Chandigarh, India. In this facility, includes our orphanage and has school rooms where we conduct our Bible classes and training for adult men and women. We also have our adult literacy program here with 70 to 80 adults in attendance. Our tailoring class continues to train women to be productive so that they can generate income by selling their sewed clothes.

We continue to support the India Christian Assembly (ICA) in their missionary work as they organize local churches and in their evangelism work. In the Philippines, we supported two local churches as they celebrated Christmas. About 70 families were given Christmas gifts like canned sardines, noodles, coffee, sugar and rice.

**Services for Community & Church Growth: Demonstrating God's love**

In Dallas, we continue to offer services to homeless people living under bridges. We assist them so that we can get some food, clothing and health care. We provide them breakfast and give them some package of means. The Baylor Faith In Action Initiatives continues to be our reliable partner in this endeavor.

**Team Spirit Building: Linking with other organizations and churches**

We continue to have a closer relationship with the Indian community in Dallas. We also link with some local churches in the area. The bulk of our mission work in Dallas has been implemented with the help of our more than 300 volunteers. They help us wash the feet of the homeless; prepare and set food, organize prayers and Bible studies and attend to our spiritual meetings.

The Men of Nehemiah and Smoking for Jesus Barbecue Ministries Jesus One Life Ministries are great partners in the ministry. We continue working together with the Bay-lor Faith in Action Initiatives. We keep up the connection with the

(PTO page 8)



വാഹനത്തിൽ ഭക്ഷണം കൊണ്ടുവന്ന് വിതരണം ചെയ്യുന്നു

# ദൈവീക നിയോഗവുമായി പാസ്റ്റർ സി സി തോമസ്



പാസ്റ്റർ സി സി തോമസ്സും കുടുംബവും

കേരളാ സ്റ്റേറ്റിലുള്ള അനേക ദൈവദാസന്മാരുടെ താൽപര്യ പ്രകാരം പാസ്റ്റർ സി സി തോമസിന്റെ കേരളത്തിലേക്കുള്ള മടങ്ങി വരവ് ഒരു ദൈവീക നിയോഗമായിരുന്നു. 2008 ൽ പാസ്റ്റർ സി സി തോമസ് അമേരിക്കയിലേക്ക് പോകുമ്പോൾ അന്നത്തെ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ കെസി ജോണും അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പിയും കേരളത്തിലേക്ക് മടങ്ങിവന്ന് ദൈവസഭയുടെ ഉന്നതസ്ഥാനം ഏറ്റെടുക്കണമെന്ന് ആശംസിച്ച്ത് ഒരു ദൈവനിയോഗമായി തീരുകയായിരുന്നു.

8 വർഷത്തിനു ശേഷം കേരളത്തിലേക്ക് മടങ്ങിവന്ന പാസ്റ്റർ സി സി തോമസിന് കേരളാ സ്റ്റേറ്റിലെ ശുശ്രൂഷകന്മാർ നൽകിയ വരവേൽപ്പ് ആ ദൈവനിയോഗത്തിന്റെ പൂർത്തീകരണമായിരുന്നു. അമേരിക്കയിൽ താമസിച്ചപ്പോഴും കേരളത്തിലെ ദൈവദാസന്മാരെയും ദൈവ സഭയേയും പാസ്റ്റർ സി സി തോമസ് മറന്നിരുന്നില്ല. സ്റ്റേറ്റ് ഓഫീസ് കോംപ്ലക്സ്, അനേകരുടെ കഷ്ടങ്ങളിൽ സഹകരിച്ചത്, സഭാ ഹോളുകൾ, സെമിത്തേരികൾ തുടങ്ങി കേരളാ സ്റ്റേറ്റിലെ പല ആവശ്യങ്ങൾക്കും അദ്ദേഹവും താൻ ശുശ്രൂഷിച്ച ടൈനർ ചർച്ച് ഓഫ് ഗോഡും സഹകരിച്ചിരുന്നു. കേരളത്തിൽ താൻ നടത്തിയിട്ടുള്ള ശുശ്രൂഷകൾ, ആർ എഫ് കുക്ക് സെന്റിനിയൽ സെലിബ്രേഷന് ചർച്ച് ഓഫ് ഗോഡ് അന്തർദേശീയ നേതൃത്വത്തെ കേരളത്തിൽ കൊണ്ടുവരുന്നതിന് താൻ വഹിച്ച നിർണായക പങ്ക് എന്നിവയെല്ലാം പാസ്റ്റർ സി സി തോമസിന്റെ നേതൃ പാടവത്തെ തെളിയിക്കുന്നതായിരുന്നു.

8 വർഷത്തെ പാസ്റ്റർ സി സി തോമസിന്റെ ടൈനർ ചർച്ച് ഓഫാ ഗോഡിലെ ശുശ്രൂഷാ കാലഘട്ടം നേതൃസ്ഥാനത്തേക്ക് അദ്ദേഹത്തെ ദൈവം ഒരുക്കുന്ന കാലഘട്ടമായിരുന്നു. ധാരാളം ദൈവ മക്കൾ ആരാധിക്കുന്ന ടൈനർ ചർച്ച് ഓഫ് ഗോഡ് പാസ്റ്റർ സി സി തോമസിന്റെ മാതൃ സഭ പോലെയാണ്. പ്രസ്തുത സഭയുടെ അകമഴിഞ്ഞ പിന്തുണയും, പ്രോത്സാഹനവും കേരളാ സ്റ്റേറ്റിന്റെ നേതൃസ്ഥാനത്തേക്ക് വരുവാൻ ഒരു കാരണമായിരുന്നു.

പാസ്റ്റർ സി സി തോമസ് നേതൃത്വം ഏറ്റെടുക്കുന്നത് പുത്തൻ പ്രതീക്ഷയോടെയാണ് വിശ്വാസികളും, ശുശ്രൂഷകന്മാരും, നോക്കി കാണുന്നത്.

സഭ എണ്ണത്തിൽ വിരളമായ മലബാർ, കോസ്റ്റൽ മേഖലകളിൽ സഭാവളർച്ചയിൽ ഒരു കുതിച്ചു ചാട്ടം, ഐക്യതയിൽ സഭയെ നയിക്കുക, വിദേശമലയാളികളുടെ പങ്കാളിത്തം സഭാ വളർച്ചയിൽ കൂടുതൽ ഉറപ്പിക്കുക, ശുശ്രൂഷകന്മാരുടെ ക്ഷേമത്തിനായുള്ള കർമ്മ പദ്ധതികൾ രണ്ടാം നിര നേതൃത്വം തുടങ്ങി ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ വളർച്ചയിൽ നിർണ്ണായകമായ ഒരു കാലഘട്ടമായിരിക്കും പാസ്റ്റർ സി സി തോമസിന്റെ കാലഘട്ടം.

ഒരു ശുഭ ഭാവി സഭയ്ക്ക് സഭയുടെ നാഥൻ ഒരുക്കിയിട്ടുണ്ട്. അതിനായി യുഗാന്ത്യ സന്ദേശത്തിന്റെ എല്ലാവിധ പിന്തുണയും ആശംസയും അറിയിക്കുന്നു.

## റവ. സാം തോമസ് സയോൺ ഗോസ്പൽ അസംബ്ലി ശുശ്രൂഷകൻ

**നിബു വെള്ളവന്താനം**

**കാനഡ:** ടൊറന്റോ സയോൺ ഗോസ്പൽ അസംബ്ലി സീനിയർ ശുശ്രൂഷകനായി പാസ്റ്റർ സാം തോമസ് നിയമിതനായി. സഭാശുശ്രുഷയിൽ നിന്നും സ്ഥാനം ഒഴിയുന്ന പാസ്റ്റർ വിൽസൺ വർക്കി പുതിയ ശുശ്രൂഷകനു സഭയുടെ ചുമതലകൾ കൈമാറി. പാസ്റ്റർ ഈശോ ഫിലിപ്പ് അനുഗ്രഹ പ്രാർത്ഥന നടത്തി.



സെറാമ്പൂർ കോളേജിൽ നിന്നും വേദശാസ്ത്രത്തിൽ ബിരുദം നേടിയിട്ടുള്ള പാസ്റ്റർ സാം തോമസ് കഴിഞ്ഞ 28 വർഷത്തിലധികമായി ഗുജറാത്തിലും രാജസ്ഥാനിലും സുവിശേഷ പ്രവർത്തനങ്ങളിൽ വ്യാപ്രിതനായിരുന്നു. ഗുജറാത്ത് ക്രിസ്ത്യൻ ആശ്രമം രജിസ്റ്റ്ട്രാർ, ഫിലദൽഫിയ ബൈബിൾ കോളേജ് അദ്ധ്യാപകൻ, ഐ.സി.പി.എഫ് എഞ്ചലോസ് ടീം ലീഡർ, ഗ്രീൻ സിറ്റി ബൈബിൾ ചർച്ച് സീനിയർ പാസ്റ്റർ, അഹമ്മദബാദ് പെന്തക്കോസ്തൽ ഫെലോഷിപ്പ് പ്രസിഡന്റ് തുടങ്ങി വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഗ്രേസി സാം തോമസ് ഭാര്യയും, ബെൻസൺ, ജെന്നിഫർ എന്നിവർ മക്കളുമാണ്.

## ഗോസ്പൽ വോയ്സ് നയിക്കുന്ന സംഗീത വിരുന്ന്

**ഒക്കലഹോമ:** ഗോസ്പൽ വോയിസ് ഒരുക്കുന്ന ഭക്തിപൂർവ്വമായ സായാഹ്ന സംഗീതവിരുന്നിന് ഓക്കലഹോമാ പട്ടണം ഒരുങ്ങുന്നു. സെപ്റ്റംബർ 23 –24 വെള്ളി, ശനി വൈകിട്ട് 6:30 ന് ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ (1101 സൗത്ത് ഫസ്റ്റ് സ്ട്രീറ്റ്, യൂക്കോൺ, ഒക്കലഹോമ 73099–4619) വെച്ച് നടക്കുന്ന ആരാധനയിൽ പാസ്റ്റർ ഡാനിയേൽ കൊന്നനിൽക്കുന്നതിൽ അതിഥി ആയിരിക്കും.

പ്രശസ്ത ഗായകരായ പ്രിൻസ് വിത്സൺ (ഫിലഡൽഫിയ), എബി ഏബ്രഹാം (ഹൂസ്റ്റൺ), സോമി സാംസൺ (ഡാളസ്), പാസ്റ്റർ കിംഗ്സൺ, നോബി മാത്യു (ഒക്കലഹോമ) എന്നിവർ നയിക്കുന്ന മൂസിക്കൽ നൈറ്റിൽ വിവിധ പട്ടണങ്ങളിൽ നിന്നുമുള്ള ഗായകർ ഗാനങ്ങൾ ആലപിക്കുമെന്ന് ഗോസ്പൽ വോയിസ് സ്ഥാപകനും, ഡയറക്ടറുമായ നോബി മാത്യു അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: നോബി മാത്യൂ 405.208.3118






# ഡാളസ്സിൽ നല്ല ശമര്യാക്കാരനെപ്പോലെ

(6-ാം പേജ് തുടർച്ച)

ഴിതിരിവിലേക്ക് തന്നെ ദൈവം ഇറക്കുന്ന സന്ദർഭമായിരുന്നു ഇത് രണ്ടും. ഇതുപോലെ കഷ്ടപ്പെടുന്നവക്ക് വേണ്ടി തന്നെക്കൊണ്ട് എന്ത് ചെയ്യുവാൻ കഴിയും എന്ന ചിന്തിയിൽ അദ്ദേഹം പ്രാർത്ഥിച്ച് ആരംഭിച്ച മിനിസ്ട്രിയാണ്, സേക്രട്ട് ഹാൻസ് ഓഫ് ഹോപ്പ് ഇൻഡ്യ മിനിസ്ട്രിസ്. 70-ൽ അധികം പേർ സ്നാനപ്പെട്ടു. 40 നും 70 നും ഇടയ്ക്ക് ദൈവമക്കൾ ആരാധനയ്ക്ക് കടന്ന് വരുന്നു. 'ഹോംലസ്സ്' ആയ അനേകരെ കണ്ടെത്തി അവർക്ക് ഭക്ഷണവും വസ്ത്രവും നല്കി വരുന്നു. പാലങ്ങളുടെ അടിയിലും, വഴിഅരികിലും അശരണരായി കിടക്കുന്നവരോട് സുവിശേഷം അറിയിക്കുകയും വസ്ത്രവും പുതപ്പും സോക്സും നല്കി അവരെ ആശ്വസിപ്പിക്കുകയും ചെയ്തു വരുന്നു. 500-ൽ അധികം പേർക്ക് ഞായറാഴ്ചയും, ശനിയാഴ്ചയും ഉച്ച കഴിഞ്ഞു ഭക്ഷണം നല്കുന്നു. നല്ലശമര്യാക്കാരന്റെ കഥയാണ് ദൈവദാസനെ ഈ ശുശ്രൂഷയ്ക്ക് പ്രാപ്തനാക്കുന്നത്. മുറിവേറ്റ് അർദ്ധപ്രാണരായവരെ തന്റെ വീട്ടിൽ താമസിപ്പിച്ചും ശുശ്രൂഷകൾ ചെയ്തു വരുന്നു. അനേക തകർന്ന കുടുംബങ്ങളെ നിരപ്പിക്കുവാനും അനേക പാപികളെ മാനസാന്തരത്തിലേക്ക് നയിക്കുവാനും കർത്താവ് കൃപ തരുന്നു. സഭയിൽപെട്ട സഹോദരങ്ങളും തന്റെ ഭാര്യ സൂസനും, മക്കൾ സ്നേഹയും, സേത്തും അദ്ദേഹത്തോടൊത്തു ശുശ്രൂഷകളിൽ പങ്കെടുത്ത് സഹായിക്കുന്നു. ഡാളസിൽ നിന്നും മറ്റും അനേകർ ഉപയോഗ യോഗ്യമായ തുണികളും പുതപ്പും, ജാക്കറ്റും കൊണ്ടുകൊടുക്കുന്നു. ഇൻഡ്യയിൽ അയക്കാവുന്നത് ഇൻഡ്യയിലേക്കും, ഇവിടെ അശരണരായവർക്കും അതെല്ലാം നല്കുന്നു. ജയിൽ മോചിതരും, ഗുണ്ടാ സംഘത്തിൽ പെട്ടവരും അധർമ്മികളുമായ അനേകർ യേശുവിനെ സ്വീകരിച്ച് രക്ഷാമാർഗ്ഗത്തിൽ വരുകയും അവരിൽ ചിലർ തന്നോടൊപ്പം ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്യുന്നു. ഒറീസ്സ, ഹരിയാന, ഹിമാചൽപ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിൽ ഇന്ന് പ്രവർത്തനം ഉണ്ട്. 10-15 പേർ വീതം എല്ലായിടത്തും എല്ലാമാസവും സ്നാനപ്പെട്ടു കൊണ്ടിരിക്കുന്നു. ചാണ്ഡിഗഡിൽ 300-ൽ അധികം പേർ കൂടുന്ന ഒരു സഭ ഉണ്ട്. ഹിമാചൽ പ്രദേശിൽ നിർദ്ധനരായ സ്ത്രീകൾ തയ്യൽ പഠിക്കുന്നു. പഠിച്ച് ഇറങ്ങുന്നവർക്ക് തയ്യൽ മെഷീൻ വാങ്ങികൊടുക്കുന്നു. അവർ യേശുവിനെ സ്വീകരിക്കുന്നു. 100 പേരെ സഹായിക്കുവാൻ കഴിഞ്ഞെങ്കിൽ എന്ന് ഒരു സമയത്ത് ആശിച്ചു. ഇപ്പോൾ 38 പേരെ മാസംതോറും സഹായിക്കുന്നു. ഇൻഡ്യയിലെ സുവിശേഷീകരണത്തിന് മുൻതൂക്കം കൊടുക്കുന്നു. പഞ്ചാബിലും ഒറീസായിലും രണ്ട് അനാഥശാലകൾ നടന്നുവരുന്നു. ചാണ്ഡിഗഡിൽ 400 പേർ ആരാധനയ്ക്ക് വരുന്നു. അവിടെ ഒരു ബൈബിൾ സ്കൂൾ നടന്നുവരുന്നു. 70-ൽ അധികം പേർ പഠിച്ച് ഇറങ്ങി, വില്ലേജ് മിനിസ്ട്രിയിൽ അവർ പ്രവർത്തിക്കുന്നു. വർഷം തോറും മൂന്ന് ആത്മീയ സംഗമം ഡാളസ്സിൽ നടക്കുന്നു. 5 മണിക്കൂറാണ് ഈ പ്രോഗ്രാം. വസ്ത്രവിതരണം, ജാക്കറ്റ് വിതരണം, സോക്സ്, ഭക്ഷണം, കാലുകഴുകൽ ആളാംപ്രതി സുവിശേഷപ്രവർത്തനം സംഗീത ശുശ്രൂഷ എന്നിവയാണ് ഈ സംഗമത്തിൽ നടക്കുന്നത്. 700-ൽ അധികം പേർ ഈ സംഗമത്തിൽ പങ്കെടുക്കുന്നു. ഡാളസ്സിൽ സുവിശേഷ താല്പര്യമുള്ളവർ സഭാവ്യത്യാസമില്ലാതെ ഈ ശുശ്രൂഷകളിൽ പങ്കെടുക്കുന്നു. കർത്തൃവേലയെ സ്നേഹിക്കുന്ന മലയാളി സഹോദരന്മാർ പേഴ്സണൽ ആവശ്യത്തിന് തരുന്ന സംഭാവനകൾ മാറ്റി വച്ച് ഈ ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്നു. രണ്ടുജോലികൾ ചെയ്തു ഒരു ജോലിയുടെ ശമ്പളം ഇൻഡ്യയിലെ വേലക്ക് കൊടുക്കുന്നു. ഇവിടെ ഉള്ളവർ മാത്രമല്ല മലയാളികളും 'ഹോം ലസ്' ആയവർ ഉണ്ട്. അവരെ വീട്ടിൽ കൊണ്ടുവന്നു സംരക്ഷിക്കുന്നു. ജോലികൾ കണ്ടെത്തി കൊടുക്കുന്നു. 20 വർഷമായി ഇൻഡ്യയിൽ നടക്കുന്ന പ്രവർത്തനത്തിന് ഒരു സ്ഥാപനം ഇല്ലായിരുന്നു. ഒരു ബിൽഡിംഗ് കണ്ടെത്തി ഒരു ലക്ഷത്തി പതിനാലായിരം ഡോളർ ആവശ്യമായിവന്നു. 25 ലക്ഷം രൂപ ഇൻഡ്യയിലെ ഒരു പ്രവർത്തകൻ ഇവിടെ വന്നു കണ്ടെത്തി. ബാക്കി മുഴുവൻ തുകയും ഇവിടെയുള്ള ദൈവമക്കൾ തന്നു. അവസാനം 10 ലക്ഷം രൂപ ആവശ്യമായി വന്നു. ഹൂസ്റ്റണിൽ വീട് വാങ്ങുവാൻ വെച്ചിരുന്ന തുക ഒരു സഹോദരൻ ദൈവാത്മാവ് പറഞ്ഞതനുസരിച്ച് 7760 ഡോളർ തന്നു. മറ്റൊരു വ്യക്തിയോട് ദൈവാത്മാവ് പറഞ്ഞതനുസരിച്ച് 5000 ഡോളർ തന്നു. തന്റെ ശവസംസ്കാരത്തിന് വെച്ചിരുന്ന തുകയായിരുന്നു അദ്ദേഹം തന്നത് ഇതുപോലെ ദൈവാത്മാവ് പറഞ്ഞതനുസരിച്ചാണ് അനേകരും സഹായിച്ചിട്ടുള്ളത്. ആരോടും ഒന്നും ചോദിക്കാറില്ല. ആവശ്യംവരുമ്പോൾ ഉപവസിച്ച് പ്രാർത്ഥിച്ചാണ് മറുപടികണ്ടെത്തുന്നത്. ആ സമയത്ത് തന്നെ പതിനായിരം ഡോളർ മറ്റൊരു സഹോദരൻ തന്നു. കെട്ടിടം വാങ്ങി കഴിഞ്ഞ് ഒരു വർഷത്തെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടത്തുവാൻ ആവശ്യമായ തുകയും അതോടൊപ്പം ലഭിച്ചു. ഇതുപോലെ പ്രാർത്ഥനയിൽ കൂടിയാണ് അത്ഭുതങ്ങൾ അനുഭവിക്കുന്നത്. ഡാളസ്സിൽ തെരുവിലുള്ളവർക്ക് എന്റെ പേര് അറിയാം എന്നെ കാണുമ്പോൾ അവർ പേര് വിളിക്കും. ഡാളസ്സിലെ ഒരു "ഓപ്പൺ ചർച്ച്" ആണ് ഞങ്ങളുടെ സഭ. മറ്റു സഭകളിൽ നിന്ന് ചാടിവരുന്നവർക്ക് പ്രോത്സാഹനം കൊടുക്കാറില്ല ആർക്കും വേണ്ടാത്തവരെയാണ് ഞങ്ങൾ പ്രോത്സഹിപ്പിക്കുന്നത്. സ്നേഹം കൂട്ടായ്മ എന്നിവയെക്കുറിച്ചാണ് പഠിപ്പിക്കുന്നത്. 21 വർഷം ഫെഡറൻ ജയിലിൽ കഴിഞ്ഞിരുന്ന ഒരു ചെറുപ്പക്കാരൻ, 'ഹിറ്റ്ലിസ്റ്റിൽ' പെട്ട ഡേവിഡ് ഡെൽഗാസോ രക്ഷിക്കപ്പെട്ടു എന്നോടു കൂടി ഇന്ന് പ്രവർത്തനത്തിൽ സഹായിക്കുന്നു. 24 വയസ്സ്‌വരെ പിതാവിനെ അറിവില്ലാതിരുന്ന ഒരു ചെറുപ്പക്കാരൻ ജയിൽ മോചിതനായി രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടുവന്നു. അധോലോക സംഘത്തിൽ പെട്ടവനായിരുന്നു. ദൂരെ നിന്ന് വരുന്നവരെ രക്ഷയിലേക്ക് ആനയിച്ച് അവരുടെ സ്ഥലങ്ങളിൽ തന്നെയുള്ള സഭകളിൽ പറഞ്ഞയക്കുന്നു. കറുത്തവർഗ്ഗക്കാർ, വെള്ളക്കാർ, മലയാളികൾ, നോർത്ത് ഇൻഡ്യാക്കാർ ഇങ്ങനെ അനവധി പേർ രക്ഷയുടെ അനുഭവത്തിലേക്ക് വരുന്നു. എന്റെ ഭാര്യ ഒറ്റയ്ക്കാണ് വിശ്വാസ മാർഗ്ഗത്തിൽ വന്നത് ഇന്ന് അവരുടെ കുടുംബത്തിൽപെട്ട എല്ലാവരും പെന്തെക്കോസ്തു വിശ്വാസത്തിലാണ്. എന്റെ ശുശ്രൂഷയ്ക്ക് എല്ലാവിധത്തിലും എന്റെ ഭാര്യയും രണ്ടുമക്കളും, സഭയും ഒരു അനുഗ്രഹമാണ്.

ഈ ശുശ്രൂഷകളിൽ സഹകരിക്കുവാനും പ്രാർത്ഥിക്കുവാനും ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

ഫോൺ :2149293370
Email: sbpodimala@gmail.com
website:www.sacredhandsofhope.org

# SACRED HANDS OF HOPE INDIAN MINISTRIES

(Con. from page 6)

Forest Grove Christian Church and the Indian Pentecostal Churches of North Dallas. There are great individuals who offer their resources and give financial donation to our mission work. We have good working relationship with the Indian Pentecostal Tabernacle Church and Harvest Church of God. To all our supporters, mission partners and local churches and individuals, we "Thank-You." We appreciate very much your support and great desire to work together in Christ.

In India, we continue to strength our mission partnership with the Indian Christian Assembly in India. We also maintain our relationships with some pastors and their local churches in the Philippines.

As we continue to develop mission partners in India and the Philippines, we sent one of our board members to the Philippines to visit our mission partners and to teach in various churches and pastor's organization. God is good and continues to bless our lives. God has been with us during the entire 2015 as we cater to the needs of the disenfranchised poor people in Dallas, India and the Philippines. Many of our beneficiaries are receptive to listen to the Word of God and experience more the love of God in Christ through the Sacred Hands of Hope.

There is still plenty of space to do mission work and to expect bountiful harvest. Thank you so much for journeying with us and offering your spiritual material and financial resources to make a difference in the lives of people through our varied ministries at Sacred Hands of Hope.

May the God of peace and hope fill you with all joy and peace in believing, that you may abound in hope, through the power of the Holy Spirit (Romans 15:13).

In Christ,
Rev. Santhosh Podimala
President
Sacred Hands of Hope Indian Ministries
10701 Saint Annes Drive
Rowlett, Texas 75089
214-929-3370
www.sacredhandsofhope.org
www.icaministries.com

# ഓവർസീയറായി പാസ്റ്റർ സി സി തോമസ്

(1-ാം പേജ് തുടർച്ച)

കൂടെ നിന്നവരെല്ലാം ഇന്ന് പശ്ചാതപിക്കുന്നു.

ഓവർസിയറായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ സി സി തോമസിന് അധികാരം കൈമാറാതെ നടക്കുന്ന കുത്സിത പ്രവർത്തനങ്ങളിൽ ദൈവസഭയിലെ ആയിര ക്കണക്കിന് വിശ്വാസികളും നൂറുകണക്കിന് പാസ്റ്റർമാരും ദുഃഖിതരാണ്. നിലവിലുള്ള പോളിസിയും നിയമവും ലംഘിക്കാതെ തികഞ്ഞ അച്ചടക്കത്തോടെ നടന്ന പ്രിഫറൻസ് ബാലറ്റിൽ കൂടി തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയെ ഓവർസിയർ സ്ഥാനം ഏറ്റെടുക്കുന്നതിൽ നിന്ന് തടയുന്ന എല്ലാ പ്രവർത്തനങ്ങളും അപലപനീയമാണ്. 31-ാം തീയതി ചാർജ് വിട്ടൊഴിയുന്ന നിലവിലുണ്ടായിരുന്ന നേതൃത്വം സിയോൻകുന്നിലെ ബംഗ്ലാവും മറ്റും ഒഴിഞ്ഞു കൊടുക്കാത്തതിലുള്ള അമർഷവും ജനത്തിന്റെ ഇടയിൽ ശക്തമാണ്. ചർച്ച് ഓഫ് ഗോഡിന്റെ ചരിത്രത്തിൽ ഇതുപോലെ ഒരു സാഹചര്യം മുമ്പ് ഉണ്ടായിട്ടില്ല.

ജൂൺ 14-ാം തീയതി മുളക്കുഴയിൽ വന്ന ഏഷ്യൻ സൂപ്രണ്ടിനെ ഇറക്കി വിടുവാൻ പോലീസിനെ വരുത്തിയതു പോലെ തന്നെ സെപ്റ്റംബർ ഒന്നാം തീയതിയും മുളക്കുഴയിൽ പോലിസ് സംഘത്തെ വിളിച്ചുവരുത്തിയതും വൻ അമർഷത്തിന് കാരണമായിത്തീരുകയാണ്. അന്ന് കൂടിവന്ന പാസ്റ്റേഴ്സ് ആത്മസംയമനം പാലിച്ചതുകൊണ്ട് അനിഷ്ടസംഭവങ്ങൾ ഉണ്ടായില്ല.

അധികാരത്തിലിരിക്കുന്നവർക്കെതിരെ ജനവിധി ഉണ്ടാകുമ്പോൾ അവർ അധികാരം ഒഴിയണം എന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന യാഥാർത്ഥ്യമാണ്. അതിനെതിരെ ഏതെല്ലാം തന്ത്രങ്ങളിൽ കൂടി ഇരിക്കുവാൻ ശ്രമിച്ചാലും ഇന്നെല്ലെങ്കിൽ നാളെ സ്ഥാനം വിട്ടേ മതിയാകൂ.

ഇപ്പോഴത്തെ പ്രതിസന്ധികൾ എത്രയും വേഗം പരിഹരിക്കപ്പെട്ടു മെന്നും പാസ്റ്റർ സി സി തോമസ് ചുമതല ഏറ്റെടുത്ത് ദൈവസഭയെ നയിക്കും എന്നുമുള്ള ശുഭപ്രതീക്ഷയിലാണ് ദൈവസഭയിലെ ശുശ്രൂഷകന്മാരും വിശ്വാസികളും.

# ബൈബിൾ ക്വിസ്




1) ദൈവത്തിന്റെ കൃപാവരം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ എന്താണ്?

2) യാക്കോബും, കേഫാവും, യോഹന്നാനും ആവശ്യപ്പെട്ട പ്രകാരം പൗലോസ് ചെയ്യുവാൻ ഉത്സാഹിച്ചിരുന്ന കാര്യം?

3) പ്രകൃതിയാൽ ജാതികളായിരുന്നവരെ 'അഗ്രർമ്മക്കാർ" എന്നു വിളിച്ചതാര്?

4) നറുക്കിട്ട് ബേത്ത്-ലേഹെം അവകാശമായി ലഭിച്ച യിസ്രയേൽ മക്കളുടെ ഗോത്രം ഏത്?

5) നല്ല ശമര്യക്കാരന്റെ ഉപമ യേശു ആരോടാണ് പറഞ്ഞത്?

6) ഉറുമ്പ് കൊയ്ത്ത് കാലത്ത് ശേഖരിക്കുന്നത് എന്ത്?

7) അയയ്ക്കപ്പെട്ടവൻ എന്ന് അർത്ഥം വരുന്ന പദം?


8) മുമ്പെ നമ്മെ ഉപദ്രവിച്ചവൻ താൻ മുടിച്ച വിശ്വാസത്തെ ഇപ്പോൾ പ്രസംഗിക്കുന്നു എന്നു കേട്ട് പൗലോസിനെ ചൊല്ലി ദൈവത്തെ മഹത്വപ്പെടുത്തിയതാര്?

9) ഉപദേശത്തിന്റെ ഒരോ കാറ്റിനാൽ അലഞ്ഞുഴലുന്നവരെ വിളിച്ചിരിക്കുന്ന പേർ എന്ത്?

10) യോഹന്നാൻ സ്നാപകൻ എത്ര അടയാളങ്ങൾ ചെയ്തു?

**കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരം അയച്ചവർ**

ദീനാ സിജു, മാമലശ്ശേരി, ജൂബി പി. പോൾ പുമല (തൃശൂർ), ലീനാ സണ്ണി കോവളം, ആലീസ് ജോയി ഹൈരാണിക്കുടി, സാറാമ്മ പാട്രിക്ക് കുടപ്പനകുന്ന്, ലീലാമ്മ ജോസഫ് കവിയൂർ, ഷീബ സത്യപാൽ കോവളം, പിങ്കി സ്റ്റാൻലി പനംതോപ്പ്, അന്നമ്മ കെ.വി. കുരിയിച്ചിറ.



സൂസൻ ആൻഡ്രൂസ്
ഫോൺ: 66159209

**കഴിഞ്ഞ ലക്കത്തിലെ ഉത്തരം അയച്ചവർ**

മേരിക്കുട്ടി കുര്യൻ, എസ്.എൻ. പുരം

**കഴിഞ്ഞ ലക്കത്തിലെ ഉത്തരം**

1. നസ്രയനായ യേശു (ലൂക്കോ.24:19), 2. അമസ്യാവ് (2രാജ.14:6), 3. കാക്ക (ലൂക്കോ.12:24), 4. ശാസ്ത്രിമാരും പരീശന്മാരും (മത്തായി 23:1), 5. നീതീകരണം (റോമ.5:18), 6. ഏത് ആത്മാവിനെയും (1യോഹ.4:1), 7. വിശ്വസ്തനായ ദൂതൻ (സദൃ 25:13)7. ദുഷ്കർമി (സദൃ.24:8), 9. സകല സത്ഗുണവും, നീതിയും, സത്യവും (എഫെ.5:10), 10. ഹോശേയ (ഹോശേയ 4:1).

**ഉത്തരങ്ങൾ എല്ലാമാസവും 25ന് മുമ്പ് അയക്കുക. വിജയികളുടെ പേര് അടുത്ത ലക്കം പ്രസിദ്ധീകരിക്കും. അയക്കേണ്ട വിലാസം**

**YUGANTHYA SANDHESHAM, P.O. BOX - 66, THIRUVALLA - 1**

**വിടുതൽ ശുശ്രൂഷ തിരുവല്ലയിൽ**



**പാസ്റ്റർ ടി.എം. മാമ്മച്ചൻ**

നേതൃത്വം നൽകുന്നു

**എല്ലാ വെള്ളിയാഴ്ചയും രാവിലെ 10 മണി മുതൽ 1 മണി വരെ ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ടൗൺ സഭാ ഹാൾ**
**(ടി.കെ.റോഡ്, റെയിൽവേ ഓവർബ്രിഡ്ജിന് സമീപം, തിരുവല്ല)**

Mob: 9747994276

● പരാജയപ്പെടുന്നു എന്ന തോന്നലുകൾ ● തകർന്ന ജീവിത സാഹചര്യങ്ങൾ ● എല്ലാം നഷ്ടപ്പെട്ടു എന്ന ചിന്ത ● **നിങ്ങളുടെ വിടുതൽ വേഗത്തിൽ സംഭവിക്കും**

# ആർക്കോ വേണ്ടി ഒരു ശുശ്രൂഷ



ജോൺസൺ കണ്ണൂർ
8547858230

തലക്കെട്ട് വായിച്ചിട്ട് ചിലർക്കെങ്കിലും മനസ്സിലായോ ആവോ? ഏതായാലും നമുക്കു ചുറ്റുപാടും നടക്കുന്ന ചിലതൊക്കെ കാണുമ്പോൾ അറിയാതെ പ്രതികരിച്ച് പോകുന്നു. പണം കുമിഞ്ഞ് കൂടുമ്പോൾ ആത്മീയ ശുശ്രൂഷകൾക്ക് പിന്നെ രണ്ടാം സ്ഥാനമേയുള്ളൂ. വായനക്കാരെ വിഷമിപ്പിക്കാതെ കാര്യത്തിന്റെ പൊരുളിലേക്ക് കടക്കാം.

മക്കളുടെ വിവാഹത്തിന് എല്ലാം ഭംഗിയായി നടക്കണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കൾക്ക് വിവാഹ ശുശ്രൂഷ എങ്ങനെയെങ്കിലും നടത്തുന്നയാൾ പെട്ടെന്ന് ചെയ്ത് കൊടുക്കണം. 10.30 ന് സമയം മുൻകൂട്ടിപറയും. പതിനൊന്നായാലും വധൂവരന്മാർ എത്തുകയില്ല. ഇടയ്ക്ക് ഒരു സന്ദേശം വരും പെൺകുട്ടി ബ്യൂട്ടിപാർലറിൽ നിന്നും ഇറങ്ങുവാൻ താമസിച്ചു. പിന്നെ വരൻ ട്രാഫിക്കിൽ കുടുങ്ങി. ഇങ്ങനെ പല കാരണങ്ങൾ. ചിലർ എന്ത് ചെയ്താലും ഇറങ്ങുകയില്ല. കാരണം ചോദിച്ചാൽ അത് അമ്മാച്ചൻ വന്നിട്ടില്ല. അതേ പോലും അമ്മാച്ചനോട് രാഹുകാലം കഴിഞ്ഞ് വന്നാൽ മതിയെന്ന് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. പൊതുവിൽ പറയാൻ പറ്റില്ലല്ലോ? 11.35 കഴിയുമ്പോൾ വന്നിട്ട് പറയും അതേ ഇവർക്ക് കൊതമംഗലം വരെ പോകേണ്ടതാണ്. 12.30 ആകുമ്പോൾ തീർത്തുതരണം. വിദേശത്ത് നിന്ന് വന്ന അച്ചായന്റെ ഡോളറിന്റേയും ദിനാറിന്റേയും വലിപ്പം ഓർത്തിട്ട് ചെയ്തോളാം എന്ന് തലകുലുക്കും. ധൈര്യം ഉണ്ടെങ്കിൽ തീർത്തുപറയണം, നിങ്ങൾ രജിസ്ട്രാഫീസിൽ കൊണ്ടുപോയി നടത്തികൊള്ളാൻ സ്നേഹത്തോടെ പറഞ്ഞുവിടണം. ഇവിടെയൊക്കെയാണ് പുരുഷത്വം കാണിപ്പിൻ എന്ന വചനത്തിന്റെ പ്രസക്തി.

സി.എസ്.ഐ മർത്തോമ, ഓർത്തഡോക്സ് സഭകളിൽ വൈദികരുടെ അടുത്ത് ചെന്ന് പറയുമോ, ചൊല്ലി തീർക്കാനുള്ളത് മുഴുവൻ ചൊല്ലി തീരുന്നതുവരെ നിർത്തി വശം വരുത്തും. അവരുടെ കൂദാശകൾ ഒന്നും വെട്ടികുറയ്ക്കാൻ അവരാരും പറയില്ല. പറഞ്ഞാൽ വിലപ്പോകുകയുമില്ല. ഇവിടെ ഡോളർ കാണുമ്പോൾ എല്ലാത്തിനും വശംവദരാകും. ഫോട്ടോ എടുക്കുന്നവർ എത്രനേരം നിൽക്കാൻ പറഞ്ഞാലും സമ്മതിക്കും. ബ്യൂട്ടീഷനും ധാരാളം സമയം വചനശുശ്രൂഷയ്ക്ക് സമയമില്ല. ആ കപ്പാടെ വെട്ടികുറയ്ക്കാൻ പറ്റുന്ന കാര്യം ആത്മീക ശുശ്രൂഷയല്ലേ ഉള്ളൂ?

ശുശ്രൂഷകൾ വിവാഹത്തിന് ക്ഷണിക്കപ്പെട്ട് വന്ന ദൈവദാസന്മാരുടെയും മറ്റുള്ളവരുടെയും എന്തോ ആവശ്യം പോലെയാണ് പലർക്കും. അല്ലാതെ ഇവർക്ക് ഇതൊന്നും നിർബന്ധമില്ല. ദൈവിക കാര്യത്തിന് മുൻഗണനകൊടുക്കാത്തവന്റെ ഡോളർ വേണ്ടെന്ന് വയ്ക്കുവാൻ ധൈര്യം കാണിക്കണം.

കൃത്യസമയത്ത് വന്നില്ലെങ്കിൽ വിവാഹം നടത്തുവാൻ സാധ്യമല്ലെന്ന് മുന്നമേ പറയണം. നേരത്തെ തീർക്കണമെങ്കിൽ നേരത്തെ വരണം. സമയത്തിന്റെ കൃത്യനിഷ്ഠ നിർബന്ധമാക്കണം. നന്നായി വചനം പറയുവാൻ കഴിവും കൃപയുമുള്ളവർക്ക് അവസരം നൽകണം. പെട്ടെന്ന് തട്ടിക്കൂട്ടി ഒപ്പിച്ചു വിടുന്ന ഏർപ്പാട് അവസാനിപ്പിക്കേണം. ദൈവദാസന്മാർ കർക്കശനിയമം നടപ്പിലാക്കണം. വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്നവർ കൃത്യമായി ഓടി ഡ്യൂട്ടിക്കെത്തും. എയർപോർട്ടിൽ പോകേണ്ടപ്പോൾ കൃത്യമായി എത്തും. മറ്റ് തര അപ്പോയ്മെന്റുകൾ എടുത്തിട്ടുള്ളവർ ഇന്റർവ്യൂവിനാണെങ്കിൽ കൃത്യമായി ചെന്നിരിക്കും. ഈ കൂട്ടർ ആത്മീയ കാര്യങ്ങൾക്ക് വളരെ താമസിച്ചേ വരികയുള്ളൂ. ആർക്കോ വേണ്ടി ഒരു പ്രാർത്ഥനയും കൂട്ടായ്മയും നടത്തി ചടങ്ങ് നിർവ്വഹിക്കുന്നു. ദൈവത്തിനും ആത്മിയതയ്ക്കും പ്രാധാന്യമില്ലാത്തതുകൊണ്ട് ഒടുവിൽ കുടുംബബന്ധങ്ങൾ തകരുന്നു. ചിലതൊക്കെ അധികം താമസിയാതെ വിവാഹ മോചനത്തിന്റെ വക്കിലെത്തുന്നു.

ഇതിനൊക്കെ ഒരു പര്യവസാനം ഉണ്ടാവണം. നമ്മുടെ പിതാക്കന്മാരുടെ കാലത്ത് ഇങ്ങനെ അല്ലായിരുന്നു. വിവാഹശുശ്രൂഷകൾ പോലും അനേകർ രക്ഷയിലേക്കു നയിക്കപ്പെടുന്നതിനുള്ള വേദികളായിരുന്നു. അവർക്ക് ആർഭാടങ്ങളുടെയും ആഘോഷങ്ങളുടെയും വെച്ചുകെട്ടലുകൾ ഇല്ലായിരുന്നു. ഇല്ലായ്മകളും ഞെരുക്കങ്ങളും എന്നും കൂട്ടായിട്ടുള്ളപ്പോഴും പ്രാർത്ഥനയും ആത്മീയകാര്യങ്ങളിലെ തീക്ഷണതയും ദൈവാശ്രയവും അവരുടെ കൈമുതലായിരുന്നു. ഇന്ന് ആ കാലമൊക്കെപോയി. അന്നത്തെ വിവാഹശുശ്രൂഷയ്ക്ക് വരുന്ന മറ്റുമതസ്ഥർ യേശുവിനെ ഹൃദയത്തിൽ രക്ഷകനായി സ്വീകരിച്ചുകൊണ്ടാണ് മടങ്ങിപ്പോകുന്നത്. ഇന്ന് അതെല്ലാം കേവലം ഓർമ്മകൾ മാത്രം. ആധുനിക സുഖസൗകര്യങ്ങളുടെ ഉന്മാദതള്ളലില്ലായിരുന്നു. വിദേശബന്ധങ്ങളും പാശ്ചാത്യ സംസ്കാരവും അധികം സ്വാധീനം ചെലുത്തിയിട്ടില്ലായിരുന്നു. മാന്യമായ വസ്ത്രധാരണവും അന്യോന്യം ബഹുമാനവും, കരുതലും, അവർ പുലർത്തിപോരുന്നു. ഇന്നോ, എല്ലാം ആർക്കോവേണ്ടി വസ്ത്രധാരണത്തിൽ പോലും പ്രതിഫലിക്കുന്നു. പരമാവധി നഗ്നത പ്രദർശിപ്പിക്കുന്നതാണ് ഇന്നത്തെ യുവതലമുറയുടെ ഫാഷൻ. പണമുള്ളവന്റെ നിർദ്ദേശത്തിനനുസരിച്ച് ശുശ്രൂഷകളിൽ കുറവ് വരുത്തി ഒരുവിധം തട്ടിക്കൂട്ട് അന്ന് നടക്കില്ല. നട്ടെല്ലുള്ള ശുശ്രൂഷകന്മാർ അന്നുണ്ടായിരുന്നു. ഇന്ന് എല്ലാം നിലനില്പിന്റെ പ്രശ്നമാണ്. അലിപം കണ്ണടച്ചെങ്കിലേ കാര്യങ്ങൾ നടന്നു പോകൂ. വിരലിൽ എണ്ണുവാൻ ഏതാനും പേർ അല്ലാതെയുള്ളവർ ഉണ്ടാവാം. അവരെ നിലം തൊടിക്കില്ല.

സത്യത്തിനുവേണ്ടി നിന്നാൽ നിരവധി തിക്താനുഭവങ്ങൾ സമ്മാനമായി ലഭിക്കും. എങ്കിലും ഭാരപ്പെടേണ്ട. ആർക്കോ വേണ്ടിയുള്ള ശുശ്രൂഷ അവസാനിപ്പിക്കണം. സത്യം വെട്ടിതുറന്ന് പറയണം. ഉപദേശവിശുദ്ധിയിലും ജീവിത വിശുദ്ധിയിലും നെല്ലിട അയവ് വരുത്തരുത്. കാര്യം പറഞ്ഞാൽ ഡോളർ കിട്ടില്ലായിരിക്കാം. വേണ്ടെന്നു വെയ്ക്കുവാൻ ധൈര്യമുണ്ടെങ്കിൽ ഓർക്കാത്ത വഴികൾ സ്വർഗ്ഗം തുറക്കും.

ഇനി ശവസംസ്കാര ശുശ്രൂഷയാണ് ഇതിലേറെ വിചിത്രം. മരിച്ച വ്യക്തിയുമായി യാതൊരു ബന്ധവുമില്ലാത്തവർ മൈക്കിന്റെ മുമ്പിൽ അനുശോചനം അറിയിക്കാൻ വന്നു നിൽക്കും. മക്കളുടെയോ മരുമക്കളുടെയോ ബന്ധത്തിലായിരിക്കും. പറയുന്നതൊന്നും മരിച്ച വ്യക്തിയെക്കുറിച്ചല്ല. മക്കളേയോ, അല്ലെങ്കിൽ സഹോദരങ്ങളേയോ വാനോളം പുകഴ്ത്തും. അവരുടെ പിടിപാടും പദവികളും പ്രതാപവും ബന്ധങ്ങളും മറ്റൊരാൾ സ്വന്തം നാട്ടുകാരുടെ മുമ്പിൽ വിശദീകരിക്കുന്നത് കേട്ടിട്ട് നിർവൃതി അണയുന്നു. വിവാഹത്തിന് സമയം തിരെയില്ല. ശവസംസ്കാരത്തിന് സമയം പോകുന്നത് വിഷയമേ അല്ല. വെറുതേ പഴയതും പണ്ടത്തേതും പറഞ്ഞ് സമയം കൊന്നുകളയുന്നു ഇതൊന്നും ദൈവനാമ മഹത്വത്തിനല്ല. ആർക്കോവേണ്ടി ഒരു ശുശ്രൂഷ. സ്വയപുകഴ്ച്ചയിൽ ആനന്ദംകൊള്ളുന്നവർ. ഇനിയും അഥവാ നിങ്ങൾക്ക് അപ്രകാരം പറയണമെങ്കിൽ വൈകിട്ട് അല്ലെങ്കിൽ പിറ്റേന്ന് ഒരു സ്മരണയോഗം വെക്കട്ടേ. എന്നിട്ട് ചെവികുളിരും വരെ കേട്ട് ആത്മനിർവൃതിയണഞ്ഞോണം. ശവസംസ്കാരത്തിനു വന്നവരെ വേഗം വിട്ടുകൂടെ? വലിയ നേതാവ് ദൂരെ നിന്ന് വരുവാൻ താമസിക്കും. അദ്ദേഹത്തിന്റെ സമയം കണക്കാക്കി ശവസംസ്കാരം നീട്ടുന്നവരുണ്ട്. നമ്മുടെ ലോക്കൽ സഭയിലെ പാസ്റ്റർ നടത്തിയാൽ എന്താ കുഴപ്പം? നമ്മൾ എന്തുചെയ്താലും ക്രിസ്തുവിന്റെ നാമം മഹത്വമെടുക്കണം. അതിനുപകരം ഇവിടെ പലരുടേയും നാമം മഹത്വപ്പെടുകയാണ്.

## ജനറൽ ക്യാമ്പ്

**പായിപ്പാട്:** ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച്, ന്യൂ ലൈഫ് യൂത്ത് ഫെലോഷിപ്പിന്റേയും സൺഡേസ്കൂളിന്റേയും ജനറൽ ക്യാമ്പ് 2016 സെപ്തംബർ 13,14,15 തീയതികളിൽ പായിപ്പാട് ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരിയിൽ വച്ച് നടക്കുന്നതാണ്. സഭാ പ്രസിഡൻര് റവ.തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നതും, ഡോ. ജെയ്സൺ തോമസ്, റവ.വി.സി. യോഹന്നാൻ, റവ.സി.ഡി.ഷാജി, ഡോ.ജെസി ജെയ്സൺ, പാസ്റ്റർമാരായ രാജു ആനിക്കാട്, പ്രിൻസ് റാന്നി, വൈ.ജോസ്, കെ.എ.തോമസ്, റ്റി.എം.പാപ്പച്ചൻ, സി.കെ.വിജയൻ, കെ.ഐ.രാജേഷ് എന്നിവർ വിവിധ സെക്ഷനുകളിൽ ക്ലാസുകൾ എടുക്കുന്നു. പാസ്റ്റർ ജെ.യേശുദാസും ജോർജ് ചാക്കോയും ക്യാമ്പിന് നേതൃത്വം നൽകുന്നു.

വസ്തു
വില്പനയ്ക്ക്

**തിരുവല്ല:** കറ്റോട് ഭാഗത്ത് 3 bedroom സംവിധാനമുള്ള വീടും 9 സെന്റ് സ്ഥലവും വില്പനയ്ക്ക്. തിരുമൂലപുരത്ത് 14½ സെന്റ് വസ്തു വില്പനയ്ക്ക്.

Ph: 8281044437

**അടൂർ:** മണക്കാല ജംഗ്ഷനടുത്ത് 41 സെന്റ് വസ്തു വില്പനയ്ക്ക്. ഫ്ളോട്ടുകളായി തിരിച്ചും വിൽക്കുന്നതാണ്.

Ph: 8281044437

## നിത്യതയിൽ

### മറിയാമ്മ യേശുദാസൻ



**മുണ്ടക്കയം:** പൈങ്ങനാ കുമ്പളശ്ശേരിൽ പരേതനായ കെ.ജെ.യേശുദാസന്റെ ഭാര്യ മറിയാമ്മ യേശുദാസൻ (103) കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാര ശുശ്രൂഷ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ.ജെയിംസിന്റെ നേതൃത്വത്തിൽ സ്രാംബി സഭയുടെ സെമിത്തേരിയിൽ നടത്തി. ഭവനത്തിലെ ശുശ്രൂഷകൾക്ക് ഡിസ്ട്രിക്റ്റ് പാസ്റ്റർ എം.എ.ജോണും സഭാ ശുശ്രൂഷകൻ പാസ്റ്റർ ജെ.മോനച്ചനും നേതൃത്വം വഹിച്ചു. പാസ്റ്റർമാരായ ജെ.ജോസഫ് (സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി), പി.സി.ചെറിയാൻ, ഡോ. ഷിബു കെ. മാത്യു, അനിയൻകുഞ്ഞ് സാമുവൽ തുടങ്ങിയവർ വചനശുശ്രൂഷ നിർവഹിച്ചു. മക്കൾ: പരേതയായ മേരിക്കുട്ടി, റവ.കെ.ജെ.മാത്യു (യു.എസ്സ്.എ) ചാച്ചി ചെറിയാൻ, കെ.ജെ.പൊന്നച്ചൻ (യു.എസ്സ്.എ). മരുമക്കൾ: കുഞ്ഞുമോൾ മാത്യു, എൻ.വി.ചെറിയാൻ, കുഞ്ഞമ്മ പൊന്നച്ചൻ

### പാറേൽ തോമസ്



**ന്യൂയോർക്ക് –** ഇൻഡ്യാ പെന്തക്കോസ്തൽ ഫെലോഷിപ്പ് സഭാംഗമായ കോഴഞ്ചേരി പാറയിൽ കുടുംബാംഗം പാറേൽ തോമസ് (78–പൊന്നച്ചായൻ) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം ആഗസ്റ്റ് 22 തിങ്കളാഴ്ച സഭാശുശ്രൂഷകൻ റവ. ജോസഫ് വില്ല്യമിന്റെ പ്രധാന കാർമ്മികത്വത്തിൽ ബ്രിക്ക് ചർച്ച് സെമിത്തേരിയിൽ നടത്തപ്പെട്ടു. ഭാര്യ കടപ്പ കരിമ്പനേത്ത് കുടുംബാംഗമായ മിസ്സിസ്സ് ഏലിയാമ്മ തോമസ് (ബേബി) മക്കൾ സച്ചൻ, സുനിത മരുമക്കൾ റീനാ, മൈക്കിൾ, കൊച്ചുമക്കൾ മായാ, അലക്സ് ജോഷ, ആരോൺ, ജെരഡ്, റവ.സണ്ണി ഫിലിപ്പ്, റവ.ജോയി.പി.ഉമ്മൻ എന്നിവർ വിവിധ സന്ദർഭങ്ങളിൽ ആശ്വാസ വചനങ്ങൾ അറിയിച്ചു, ന്യൂയോർക്ക്, ന്യൂജേഴ്സി ഭാഗങ്ങളിലുള്ള അനവധി ദൈവദാസന്മാർ അനുശോചന സന്ദേശങ്ങൾ അറിയിച്ചു. ജാതിമത സഭാഭേദമെന്യേ അനേകദൈവമക്കൾ ഭവനത്തിലും, സെമിത്തേരിയിലും കടന്ന് വന്ന് കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. റോക്കലന്റിലുള്ള ഇൻഡ്യാ പെന്തെക്കോസ്തൽ ഫെലോഷിപ്പ് സഭാ ശുശ്രൂഷകൻ റവ. ജോസഫ് വില്യം, സഹശുശ്രൂഷകന്മാരും സഭയുടെ മറ്റ് ഔദ്യോഗികഭാരവാഹികളും സഭാവിശ്വാസികളും പരേതന്റെ രോഗാവസ്ഥയിലും മരണസമയത്തും അതിന് ശേഷവും, ആത്മാർത്ഥമായി സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഈ സമയത്ത് ഡാളസിൽ ഉണ്ടായിരുന്ന പാസ്റ്റർ എം.കുഞ്ഞപ്പി ഭവനത്തിൽ വിളിച്ച് ദുഃഖത്തിൽ പങ്കുചേരുകയും പ്രാർത്ഥിക്കുകയും ചെയ്തു. 42 വർഷങ്ങൾക്ക് മുൻപ് അമേരിക്കയിൽ കുടിയേറിപാർത്ത ഈ ഭവനം ആദ്യകാലത്ത് ന്യൂയോർക്കിൽ ദൈവസഭയുടെ പ്രവർത്തനങ്ങളിലും സജീവപങ്കാളിത്വം വഹിച്ചിട്ടുണ്ട്. ദീർഘനാളുകൾ ശാരീരികക്ലേശങ്ങളിൽ കഴിയുകയായിരുന്ന തന്റെ പ്രിയ ഭർത്താവിനെ നന്നായി ശുശ്രൂഷിക്കുന്നതിലും പരിപാലിക്കുന്നതിലും സഹധർമ്മിണി ബേബിയമ്മാമ്മ ത്യാഗോജ്ജ്വലമായ മാതൃക കാഴ്ചവച്ചു. ഏവർക്കും അതൊരുമാതൃക തന്നെയാണ്. വിസിറ്റിംഗ് പാസ്റ്റേഴ്സ് ഉൾപ്പെടെ അനേകരെ സല്ക്കരിക്കുന്നതിലും വീട്ടിൽ താമസിപ്പിച്ച് ശുശ്രൂഷിക്കുന്നതിലും ഈ കുടുംബം കാണിച്ചിട്ടുള്ള ശുഷ്ക്കാന്തിയും വിശ്വസ്തതയും ശ്രേഷ്ഠമാണ് കർത്തൃവേലക്ക് ധാരാളമായി സഹായിച്ചിട്ടുള്ള ഈ കുടുംബം പ്രതിഫലം വീതിക്കുന്ന സമയത്ത് ലജ്ജിക്കേണ്ടിവരുകയില്ല. സഭാ സംഘടനാ വ്യത്യാസം കൂടാതെ അനേകരെ ആദരിച്ചിട്ടുള്ള ഈ കുടുംബം സ്ഥലം സഭയ്ക്കും ഒരനുഗ്രഹമാണ്. ഏവരും ഈ കുടുംബത്തെ ഓർത്ത് പ്രാർത്ഥിക്കമല്ലോ.

Visit / Tourist Visas to:
OMAN, UAE, SAUDI
QATAR, BAHRAIN
Tour Packages, Hotel Bookings, Air Tickets...
crystal
Travel & Tourism
Kumbanad, Thiruvalla
Tel : 9447168080, 0469 2668485
Email : crystaltrips@gmail.com

# അദ്ധ്യക്ഷ പദവി ആരും ദുരുപയോഗം ചെയ്യരുത്

പാസ്റ്റർ എം. കുഞ്ഞപ്പി

**ഒ**രുവൻ അദ്ധ്യക്ഷസ്ഥാനം ആഗ്രഹിക്കുന്നുവെങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു. ഒരു തെരഞ്ഞടുപ്പിൽ കൂടിയായാലും നറുക്കെടുപ്പിൽ കൂടിയായാലും ഒരു നിയമനമായാലും ദൈവത്താൽ ആക്കപ്പെടുന്നു എന്ന ബോധം ഒരു അദ്ധ്യക്ഷനാവശ്യമാണ്. സ്വന്തയോഗ്യതകൊണ്ടോ, വിദ്യാഭ്യാസം കൊണ്ടോ ആളത്വം കൊണ്ടോ സ്വാധീനംകൊണ്ടോ, അദ്ധ്യക്ഷസ്ഥാനം കിട്ടി എന്ന ചിന്ത ഒരിക്കലും ഉണ്ടാകരുത്. ക്രിസ്തുവിന്റെ ഭാവവും, സ്വഭാവവും കഴിവുള്ളിടത്തോളം പ്രകടമാക്കുവാൻ പ്രതിജ്ഞാബദ്ധമായിരിക്കണം. മറ്റുള്ളവരോട് കരുണയും സഹതാപവും, ദയയും ഉള്ള വ്യക്തിയായിരിക്കണം ഭാവിച്ചുയരേണ്ടതിന് മീതെ ഭാവിച്ച് ഉയരുകയോ, നിഗളം, ധാർഷ്ട്യം അഹങ്കാരം ഉന്നതഭാവം ഇതൊന്നും അദ്ധ്യക്ഷന് അരുത്. ക്രിസ്തു ക്ഷമിച്ചതുപോലെ ക്ഷമിക്കുവാൻ തയ്യാറാകണം. ദീർഘക്ഷമ, മനസ്സലിവ്, ആത്മഭാരം ഇതൊക്കെ ഒരു അദ്ധ്യക്ഷന്റെ മുഖമുദ്രയാകണം. തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികൾക്ക് വേണ്ടി അഹോരാത്രം പണി എടുത്തവരും കഷ്ടപ്പെട്ടവരും ഉണ്ടാകാം. ജയിക്കുന്ന വ്യക്തിയിൽ നിന്ന് അമിതമായ പരിഗണനകൾ അവർ പ്രതീക്ഷിക്കരുത്. ജയിച്ച് കഴിഞ്ഞ് അദ്ധ്യക്ഷസ്ഥാനത്ത് വന്നു കഴിഞ്ഞാൽ പിന്നെ സ്ഥാനാർത്ഥിയല്ല എല്ലാവരുടെയും അദ്ധ്യക്ഷനാണ്. എല്ലാവർക്കും അദ്ധ്യക്ഷൻ ഒരുപോലെ പ്രയോജനപ്പെടണം. അവിടെ ഭരണപക്ഷമെന്നോ, പ്രതിപക്ഷമെന്നോ ഇല്ല പ്രത്യേകിച്ച് ദൈവസഭയിൽ എല്ലാവരും അദ്ധ്യക്ഷനോട് ചേർന്ന്നിന്ന് ഭരണപക്ഷമായി ഒന്നിച്ച് പ്രവർത്തിക്കണം. എതിർസ്ഥാനാർത്ഥിയുടെ കൂടെനിന്ന് തെറ്റായ മാദ്ധ്യമ സൃഷ്ടികൾ ഉണ്ടാക്കിയവരും വ്യാജപ്രചരണം നടത്തിയവരും ഉണ്ടാകാം അവരെ തുടർന്ന് ആ നിലയിൽ കണ്ട് തള്ളികളയുകയല്ല. അവരെ കൂടി സ്നേഹിച്ച് സഹകരിപ്പിച്ച് ഉൾക്കൊള്ളുവാൻ വിശാലമായ ഹൃദയം അദ്ധ്യക്ഷനുണ്ടാകണം. "എതിർപക്ഷത്ത് നിന്ന് പ്രവർത്തിച്ചതാണ് നിന്നെ ഞാൻ ഒരു പാഠം പഠിപ്പിക്കും. ട്രാൻസ്ഫർ വരട്ടെ കാണിച്ചുതരാം" ഈ മനോഭാവം ലവലേശം ഒരു യഥാർത്ഥ അദ്ധ്യക്ഷനുണ്ടാകരുത് അർഹതപ്പെട്ടവർക്ക് അർഹതപ്പെട്ട സഭകളും സ്ഥാനങ്ങളും കൊടുക്കുന്നതിൽ അദ്ധ്യക്ഷന് വിശാല ഹൃദയം ഉണ്ടാകണം. പകവീട്ടുക പകരം വീട്ടുക ഒതുക്കുക, പുറത്താക്കുക, നാമ്പ് നുള്ളുക. അപകീർത്തി മെനഞ്ഞ് ഉണ്ടാക്കി കൂട്ടുപ്രവർത്തകനെ ഇല്ലാതാക്കുക. ചെയ്യാത്ത കുറ്റം ചെയ്തു എന്ന് വരുത്തിതീർക്കുവാൻ തെറ്റായ മാർഗ്ഗങ്ങൾ സ്വീകരിച്ച് തെളിവുകൾ ഉണ്ടാക്കുക. കൂട്ടുപ്രവർത്തകൻ എന്ന പരിഗണനയാതൊരു വിധത്തിലും നല്കാതെ ഉപജാപക സംഘത്തെ ഉപയോഗിച്ച് കൂട്ടുപ്രവർത്തകന്റെ ശുശ്രൂഷ ഇല്ലാതാക്കുക. ഇതൊന്നും ഒരു നല്ല അദ്ധ്യക്ഷന് ചേർന്നതല്ല. അതിനെല്ലാം തന്നെ തിരിച്ചടികൾ ഉണ്ടാകും. വിട്ടുവീഴ്ചയും, ക്ഷമയും കാണിക്കാവുന്നിടത്തോളം കാണിക്കണം. ഒരുവിധത്തിലും ശരിയാകയില്ല എന്ന് ബോദ്ധ്യപ്പെട്ടെങ്കിൽ മാത്രമേ നടപടികളിലേക്കും, ശിക്ഷണത്തിലേക്കും നീങ്ങാവുള്ളൂ "പലവട്ടം ബുദ്ധി ഉപദേശിച്ചിട്ടും" ഓർമ്മപ്പെടുത്തിയിട്ടും, മുന്നറിയിപ്പ് കൊടുത്തിട്ടും പലപ്പോഴും പെയ്ത മഴ കുടിച്ചിട്ടും ഹിതകരമായത് എന്നീ പ്രയോഗങ്ങൾ ഒരു അദ്ധ്യക്ഷൻ ശ്രദ്ധിക്കണം. കൂട്ടുപ്രവർത്തകനെതിരെ ഒരു ആരോപണം ഉണ്ടായാൽ അത് മുൻവൈരാഗ്യം തീർക്കാനും, പകതീർക്കാനുമുള്ള അവസരമായും ആയുധമായും കാണാതെ ആരോപണത്തിന്റെ ബഹുവിധമായ വശങ്ങൾ അന്വേഷിച്ചും, പശ്ചാത്തലം പഠിച്ചും ആരോപണം ഉന്നയിച്ചത് ആരോപണവിധേയനായ വ്യക്തിയുടെ ശത്രുവാണോ എന്ന് കണ്ടെത്തിയും പരാതിപറഞ്ഞ വ്യക്തിയുടെ പശ്ചാത്തലം പഠിച്ചും, മുൻപ് ഈ വിധത്തിൽ ആരോപണങ്ങൾ ആരെയെങ്കിലും കുറിച്ച് പറഞ്ഞിട്ടുള്ള വ്യക്തിയാണോ, ഈ വ്യക്തി മാനസ്സീക രോഗിയാണോ, ബുദ്ധിഭ്രമം ഉള്ള വ്യക്തിയാണോ എന്നിങ്ങനെ ബഹുവിധമായ കാര്യങ്ങൾ വിലയിരുത്തിയശേഷമേ അദ്ധ്യക്ഷൻ ആ വിഷയത്തിൽ ഇടപെടാവുള്ളു. വളർന്ന് വരേണ്ട ഒരു ചെറുപ്പക്കാരനെക്കുറിച്ച് തന്റെ സഭയിൽ നിന്ന് പുറത്താക്കപ്പെട്ട വ്യക്തി ഒരു വ്യാജ ആരോപണം വിളിച്ചു പറഞ്ഞതിന്റെ വെളിച്ചത്തിൽ യാതൊരുവിധമായ അന്വേഷണവും, നടത്താതെ നിജസ്ഥിതികൾ ആരോടും ചോദിക്കാതെ ആരോപണവിധയനായ കൂട്ടുപ്രവർത്തകനോടു പോലും നിജസ്ഥിതി അന്വേഷിക്കാതെ സാഹചര്യങ്ങൾ വിലയിരുത്താതെ ആരോപണവിധേയനായ വ്യക്തിയോടും, തന്റെ കുടുംബത്തോടും 'പക' തീർക്കുവാൻ അർദ്ധരാത്രിയിൽ തനിയേ ഒരു സ്ത്രീ മാത്രം താമസിക്കുന്ന വീട്ടിൽ കയറിചെന്ന് അവരെ തട്ടിയുണർത്തി ആരോപണം കേട്ടത് രേഖയാക്കി എഴുതിവാങ്ങുവാൻ തന്റെ സ്ഥാനം മറന്ന് അപഥസഞ്ചാരം നടത്തിയ ഒരു അദ്ധ്യക്ഷനെക്കുറിച്ച് കേട്ടപ്പോൾ വാസ്തവത്തിൽ ലജ്ജ തോന്നി. പകതീർക്കുവാൻ ഇത്രയ്ക്ക് അധഃപതിക്കാമോ? എന്ന ചിന്തയും ചോദ്യവുമാണ് കേട്ടവർക്ക് എല്ലാം ഉണ്ടായത്. എനിക്ക് ഒന്നും അങ്ങനെ എഴുതിതരുവാൻ ഇല്ല എന്ന് പലവട്ടം പറഞ്ഞിട്ടും എന്തെങ്കിലും നിന്റെ കൈപ്പടയിൽ ഒന്നെഴുതി തന്നാൽ മതി നിനക്ക് ഒരു ദോഷവും വരാതെ നോക്കിക്കൊള്ളാം ദൈവസഭയുടെ ഏത് സഭയിൽ വേണമെങ്കിലും നിനക്ക് അംഗത്വം തരാം എന്ന് പറഞ്ഞ് പ്രലോഭിച്ച് തന്റെ പദവിയെ വികലമാക്കിയ സംഭവം എത്രയോ ദയനീയമാണ് ഒരിക്കലും ഒരു അദ്ധ്യക്ഷൻ ഇങ്ങനെ പകതീർക്കുവാൻ ഇറങ്ങിതിരിക്കരുത്. കത്തി ഉപയോഗിച്ച് ഒരുവനെ കുത്തിയാൽ അത് വൈദ്യശാസ്ത്രം കരിക്കും. എന്നാൽ ചെയ്യാത്ത കുറ്റത്തിന് കൂട്ടുസഹോദരന്റെ ഹൃദയത്തെ മുറിപ്പെടുത്തി അപമാനിച്ചാൽ, വേദനിപ്പിച്ചാൽ, മരണംവരെ ആ മുറിവ് കരിയുകയില്ല എന്ന സത്യം എല്ലാവരും മനസ്സിലാക്കണം. അദ്ധ്യക്ഷ പദവി ദുരുപ്രയോഗം ചെയ്ത് പകതീർക്കുവാൻ ലഭിച്ച അവസരമായി ആരും കാണരുത് ദൈവം പ്രതികാരം ചെയ്യും ദൈവസഭയിൽ അദ്ധ്യക്ഷന് ശത്രുക്കളില്ല എല്ലാവരും മിത്രങ്ങളാണ് ആ കാഴ്ചപ്പാട് ആയിരിക്കും ഉത്തമം. അദ്ധ്യക്ഷനോട് വളരെ പേർ മറ്റുള്ളവരുടെ കുറ്റംപറയും, വസ്തു നിഷ്ഠമായ തെളിവുകൾ ഇല്ലാത്ത ഒരു ആരോപണവും മുഖവിലയ്ക്ക് എടുക്കരുത്. ആരോപണം ആർക്കെതിരെയും ആർക്കും ഉന്നയിക്കാം യഥാർത്ഥ്യത്തിലേക്ക് വരുമ്പോൾ ആരോപണം ഉന്നയിച്ചവർ ഒളിച്ചോടും. ഇത് നാംകണ്ടു വരുന്ന പ്രവണതയാണ്. അദ്ധ്യക്ഷനെക്കുറിച്ച് മുഖസ്തുതി പാടും, അധികം മുഖസ്തുതി പറയുന്നവനെ ശ്രദ്ധിക്കണം. മുഖസ്തുതികൾ കേട്ട് അധികം പൊങ്ങുന്ന അദ്ധ്യക്ഷന്റെ ഏറ്റവും വലിയ ശത്രു അവനായിരിക്കും. മുഖസ്തുതികൾ കേട്ട് അധികം പൊങ്ങുന്ന അദ്ധ്യക്ഷൻ വികലമായ പ്രകൃതി ഉള്ളവനാണ്. അവൻ ഘനശാലിയല്ല, ആർജ്ജവും ഉള്ളവനല്ല, ചിന്താശക്തി ഉള്ളവനല്ല. ഒരുത്തൻ താഴ്ത്തുമ്പോൾ അധികം താഴുകയോ പൊക്കുമ്പോൾ അധികം പൊങ്ങുകയോ, ചെയ്യാതെ അദ്ധ്യക്ഷൻ എപ്പോഴും "നോർമൽ" ആയിരിക്കണം. ഇന്നത്തെ ശത്രുനാളെത്തെ മിത്രമാകാം. ഇന്നത്തെ മിത്രം നാളത്തെ ശത്രുവാകാം. എല്ലാവരേയും കഴിയുന്നിടത്തോളം ഒരു പോലെ കാണുക സ്നേഹിക്കുക. ഓഫീസിലും അടുക്കളയിലും ബഡ്റൂമിലും അധികം കയറി ഇറങ്ങുന്നവരെ സൂക്ഷിക്കുക. ഓഫീസിൽ വന്ന് കാര്യം പറഞ്ഞ് തീർന്നെങ്കിൽ അടുത്ത കാര്യത്തിലേക്ക് അദ്ധ്യക്ഷൻ പ്രവേശിക്കുക ആവശ്യമില്ലാതെ സമയം കളയുവാൻ വരുന്നവർ ഉണ്ട് അവർ അധികവും, ദുരുദ്ദേശവും ദുരാദായവും പ്രതീക്ഷിക്കുന്നവരുമാണ്. അവർ ഒരു മെനക്കേടായി തോന്നുന്നു എങ്കിൽ എന്തെങ്കിലും അത്യാവശ്യം പറഞ്ഞ് അദ്ധ്യക്ഷൻ കസേരയിൽ നിന്ന് എഴുന്നേല്ക്കുക പുറത്തേക്ക് ഇറങ്ങുവാൻ ഭാവിക്കുക അപ്പോൾ മെനക്കേടു പാർട്ടികളും പുറത്തിറങ്ങും വന്നകാര്യം സാധിച്ച ആരും ഓഫീസിലും, മറ്റും ചുറ്റിക്കറങ്ങി നില്ക്കുവാൻ പാടില്ല. അർഹതപ്പെട്ടതൊന്നും അർഹതപ്പെട്ടവർക്ക് നിഷേധിക്കരുത്. അവർ ആരുടെ പക്ഷക്കാരൻ എന്നതിനെക്കാൾ അവൻ ആദരിക്കപ്പെടേണ്ടവനെങ്കിൽ ആദരിച്ചിരിക്കണം. ആരുടേയും ഭോഷ്ക്കുകൾ കേട്ടോ, അഭിപ്രായങ്ങൾ കേട്ടോ അദ്ധ്യക്ഷൻ ആരേയും വിധിക്കരുത്. കേൾപ്പാൻ വേഗത ഉണ്ടായിരിക്കണം. പെട്ടെന്ന് പ്രതികരിക്കരുത്. കേൾക്കുന്ന കാര്യങ്ങൾക്ക് എല്ലാം ആലോചിച്ച് പ്രാർത്ഥിച്ച് മറുപടി പറയാം. എല്ലാവരേയും ശുശ്രൂഷയ്ക്ക് വിളിച്ചത് ദൈവമാണ് എല്ലാവരിലും പകർന്ന അഭിഷേകം ദൈവത്തിന്റെ അഭിഷേകമാണ് ഈ മനോഭാവം ഏവരിലും ഉണ്ടാകട്ടെ. ദൈവത്താൽ ഉയർത്തപ്പെട്ടവനെ താഴ്ത്തുവാൻ ആർക്കും കഴിയുകയില്ല ദൈവം താഴ്ത്തിയവനെ ഉയർത്തുവാൻ ആരൊക്കെ ശ്രമിച്ചാലും വിജയിക്കുകയും ഇല്ല.

# പാസ്റ്റർ കെ.സി.ജോണും ബ്രദർ രാജൻ ആര്യപ്പള്ളിയും തെരെഞ്ഞെടുക്കപ്പെട്ടു

**ഫ്ളോറിഡ:** ഐ.പി.സി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റിജിയൻ 2016 മുതൽ 2018 വരെയുള്ള പ്രവർത്തനങ്ങൾക്കായി പുതിയ ഭാരവാഹികളെ തെരെഞ്ഞെടുത്തപ്പോൾ പാസ്റ്റർമാരുടെ വിഭാഗത്തിൽ നിന്ന് പാസ്റ്റർ കെ.സി. ജോൺ (സൗത്ത് ഫ്ളോറിഡ) സഹോദരന്മാരുടെ പ്രതിനിധിയായി ബ്രദർ രാജൻ ആര്യപ്പള്ളിൽ (അറ്റ്ലാന്റാ) എന്നിവർ ഐ.പി.സി ജനറൽ കൗൺ സിൽ അംഗങ്ങളായി എതിരില്ലാതെ തെരെഞ്ഞെടുക്കപ്പെട്ടു.


പാസ്റ്റർ കെ.സി.ജോൺ


ബ്രദർ രാജൻ ആര്യപ്പള്ളി

ജനറൽ കൗൺസിൽ അംഗമായി തെരെഞ്ഞെടുക്കപ്പെട്ടപാസ്റ്റർ കെ.സി. ജോൺ ഐ. പി.സി സൗത്ത് ഫ്ളോറിഡ സഭയുടെ സീനിയർ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗം, പ്രിസ്ബിറ്ററിഅംഗം, ചെന്നൈ, പട്ടാഴി സഭയുടെ മുൻ ശുശ്രൂഷകൻ, ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയൻ മുൻപ്രസിഡന്റ് എന്നീനിലകളിൽ സേവനം അനിഷ്ഠിച്ചിട്ടുണ്ട്.

സഹോദരന്മാരുടെ പ്രതിനിധിയായി ജനറൽ കൗൺസിലിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട ബ്രദർ രാജൻ ആര്യപ്പള്ളിൽ കുമ്പനാട്സ്വദേശിയും മുൻ ഐ.പി.സി ജ നറൽ കൗൺ സിൽ അംഗവുമായിരുന്നു. ഐ.പി.സി ഫാമലികോൺഫറൻസ് നാഷണൽ ട്രഷറാർ, പി.സി.എൻ.എ.കെ നാഷണൽ സെക്രട്ടറി, ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയൻജോ. സെക്രട്ടറിഎന്നീ നിലകളിൽസേവനം അനുഷ്ഠിച്ചിട്ടുള്ള രാ ജൻ ആര്യപ്പള്ളിൽ ഇപ്പോൾ കേരള പെന്തകോസ്തൽറൈറ്റേഴ്സ്ഫോറം വൈസ് പ്രസിഡന്റ്, ബിലീവേഴ്സ് ജേണൽ ചെയർമാൻഎന്നീനിലകളിൽ പ്രവർത്തിക്കുന്നു.

Visit Our Website : www.ysandhesham.com
Call us : 9446532838, 9447313709
Mail Us : ysandhesham@saintly.com






# നവജ്യോതി ആയുർവേദ ഹോസ്പിറ്റൽ തിരുവല്ലയിൽ





ഹോസ്പിറ്റൽ ഉദ്ഘാടനം മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നിർവ്വഹിക്കുന്നു.

കഴിഞ്ഞ 9 വർഷമായി കണ്ണൂർ ജില്ലയിൽ പയ്യന്നൂരിൽ ആരംഭിച്ച നവജ്യോതി ആയൂർവേദ ഹോം ഹെറിട്ടേജ് ഹോസ്പിറ്റൽ എന്ന സ്ഥാപനം കഴിഞ്ഞ ഒരു വർഷമായി ചങ്ങനാശേരി താലൂക്കിൽ പായിപ്പാട് എന്ന സ്ഥലത്ത് പ്രവർത്തനം തുടങ്ങിയിരുന്നു. സ്ഥാപനത്തിന്റെ നവീകരണാർത്ഥം തിരുവല്ലയുടെ ഹൃദയഭാഗത്ത് സാൽവേഷൻ ആർമി ചർച്ചിന് സമീപം കാട്ടൂക്കര റോഡിൽ ആഗസ്റ്റ് 31 ബുധനാഴ്ച രാവിലെ 10 മണിക്ക് ഹോസ്പിറ്റൽ ഉദ്ഘാടനം മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ഫാർമസി ഉദ്ഘാടനം മോസ്റ്റ് റവ.ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തയും നിർവ്വഹിച്ചു.

ഉദ്ഘാടന സമ്മേളനത്തിൽ നവജ്യോതി ഹോസ്പിറ്റൽ ഡയറക്ടർ കെ.എം.ബിനോയി വൈദ്യൻ സ്വാഗതം ആശംസിച്ചു. എ.ജി അസി.സൂപ്രണ്ട് പാസ്റ്റർ പി.എസ്. ഫിലിപ്പ് അദ്ധ്യക്ഷപ്രസംഗം നടത്തി. ശാരോൻ ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസ് സമർപ്പണ പ്രാർത്ഥനയും ചർച്ച് ഓഫ് ഗോഡ് അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി.ജി.മാത്യൂസ് മുഖ്യപ്രഭാഷണവും നടത്തി. മുനിസിപ്പൽ ചെയർമാൻ കെ.വി.വർഗീസ്, അഡ്വ.രാജേഷ് ചാത്തങ്കരി, അഡ്വ. ആർ.സനൽകുമാർ, കെ.ആർ പ്രതാപവർമ്മ, കൗൺസിലർ ശ്രീമതി ഷീല വർഗീസ്, പാസ്റ്റർമാരായ തോമസ് ഫിലിപ്പ്, എം.ജെ.ജോൺ തുടങ്ങി രാഷ്ട്രീയ സമൂഹീക, അത്മീകരംഗങ്ങളിലുള്ള അനേകർ ആശംസകൾ അറിയിക്കുകയും ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.



ഫാർമസി ഉദ്ഘാടനം മോസ്റ്റ് റവ.ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത നിർവ്വഹിക്കുന്നു.



ബിനോയ് വൈദ്യനെ ആദരിക്കുന്നു.


## ലക്ഷങ്ങൾ ചിലവഴിക്കുന്നതിനുമുമ്പ് ഒരു നിമിഷം!

സർജറി ഒഴിവാക്കാം പാർശ്വഫലങ്ങളില്ലാത്ത ആയുർവേദ ചികിത്സയ്ക്ക്

# നവജ്യോതി
## ആയുർവേദ ഹോസ്പിറ്റൽ

വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം



രോഗിക്ക് വൈദ്യനെക്കൊണ്ട് ആവശ്യമുണ്ട് എന്ന ബൈബിൾ വചനം അന്വർത്ഥമാക്കുകയാണ് ബിനോയ് വൈദ്യനും കുടുംബവും.

### ഹാർട്ട് അറ്റാക്കിന് ഒറ്റമൂലിയുമായി ബിനോയ് വൈദ്യർ തിരുവല്ലയിൽ

പാരമ്പര്യ ഒറ്റമൂലി ചികിത്സകളും നൂതന വൈദ്യശാസ്ത്ര സമീപനങ്ങളും സംയോജിപ്പിച്ച് പാർശ്വഫലങ്ങളില്ലാത്ത തികച്ചും ആയൂർവേദവിധിപ്രകാരം പച്ചമരുന്നുകളും ലളിതമായ വ്യായാമങ്ങളും നല്കി എത്ര പഴകിയതും കഠിനമായതുമായ ഹൃദ്രോഗങ്ങൾ ചികിത്സിച്ച് ഭേദമാക്കുന്നത്. ഹൃദയധമനികളിൽ (കൊറോണറി ബ്ലോക്ക്) അടിഞ്ഞകൂടിയ ബ്ലോക്കിനെ പച്ചമരുന്നുകളുപയോഗിച്ച് മാറ്റിയെടുക്കുന്നു. തന്മൂലം രോഗ തീവ്രത ഭേദമാകുന്നതായി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. പ്രമേഹ രോഗികൾക്ക് നിലച്ചുപോയ പാൻക്രിയാസിന്റെ പ്രവർത്തനത്തെ (ഇൻസുലിൻ ഉല്പാദനം) ത്വരിതപ്പെടത്തി മറ്റു മരുന്നുകൾ കൂടാതെതന്നെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കുന്നതിനും ഇദ്ദേഹത്തിന്റെ ആയൂർവേദ ചികിത്സയിലൂടെ സാധ്യമാകുന്നു.

യാതൊരു പാർശ്വഫലങ്ങളോ രോഗികൾക്ക് ഭീമമായ പണച്ചിലവോ കൂടാതെ തികച്ചും ഗൃഹാന്തരീക്ഷത്തിൽ സ്വന്തമായി മരുന്നുകൾ തയ്യാറാക്കി വരുന്നു. ഇപ്പോൾ പയ്യന്നൂരിൽ താമസിച്ച് നാച്ചുറോപ്പതിയിലും പാരമ്പര്യ ഒറ്റമൂലി ചികിത്സയിലും പ്രാവിണ്യം നേടിയ ബിനോയി വൈദ്യർ ചികിത്സ നടത്തുന്നു. ഇദ്ദേഹം നിലമ്പൂർ പാലങ്കര സ്വദേശിയും ഏഴിമല അസംബ്ലീസ് ഗോഡ് സഭാ മെമ്പറുമാണ്. തന്റെ വീട്ടിൽ വെച്ചു തന്നെ തികഞ്ഞ പ്രാർത്ഥനയോടെ തയ്യാറാക്കുന്ന മരുന്നുകൾ ഉപയോഗിച്ച് ചിട്ടയായ ക്രമീകരണത്തിലൂടെ ചികിത്സ നടത്തുന്നു. സഹായത്തിനായി ഭാര്യയും മാതാവും പിതാവും. ഇതു കൂടാതെ പഴകിയതും വിട്ടു മാറാത്തതുമായ സോറിയാസിസ്, ഡിസ്ക് തകരാറുകൾ, മൈഗ്രേൻ, പൈൽസ്, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്കും അദ്ദേഹം പച്ചമരുന്നുകൾ നല്കി വരുന്നു. അദ്ദേഹത്തിന്റെ ചികിത്സയിലൂടെ സൗഖ്യം ലഭിച്ച് അനേകരുടെ സാക്ഷ്യം അത് തെളിവാക്കുന്നു.

**ഡിസ്ക് തകരാറുകൾ**

കാലപ്പഴക്കമേറിയ നടുവേദനമുതൽ ഡിസ്ക് തള്ളൽ, അകൽച്ച, തേയ്മാനം, നീർക്കെട്ട്, രക്തയോട്ടം ഇല്ലായ്മ എന്നിവയ്ക്ക് ചുരുങ്ങിയ ദിനങ്ങൾ കൊണ്ട് ചികിത്സിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നു.

ഡിസ്ക് തള്ളൽ നിമത്തം സുഷ്മനാ നാഡിക്ക് ക്ഷതം സംഭവിക്കാനും ഭാവിയിൽ തളർന്നു പോകാനുമുള്ള സാദ്ധ്യത ഏറെയാണ്. രോഗത്താൽ ഭരാപ്പെട്ടവർക്ക് രോഗാവസ്ഥയിൽ പോലും ഞങ്ങളുടെ പ്രത്യേകമായ ബോൺ സെറ്റിംഗ് ചികിത്സയിലൂടെ സുഖമായി മാറി ആശ്വാസം ലഭിക്കുവാനിടയായി എന്നത് സന്തോഷകരമാണ്.

**പ്രമേഹം**

ലോകത്തിലെ അഞ്ച് പേരിൽ ഒരാൾ പ്രമേഹ രോഗിയാണ്.

**ചികിത്സകൾ:**

ഡിസ്ക് തകരാറുകൾക്ക് : ബോൺ സെറ്റിംങ്, ഉഴിച്ചിൽ എന്നീ ചികിത്സകൾ, ര്ക്തധമനികളിലെ കൊഴുപ്പ് (ഹേർട്ട് ബ്ളോക്ക്), കൊളസ്ട്രോൾ, അമിതവണ്ണം, പൈൽസ്, ഷുഗർ, തുടങ്ങിയവയ്ക്കുള്ള സ്പെഷ്യൽ പച്ചമരുന്ന് ചികിത്സകൾ ഇവരുടെ പ്രത്യേകതയാണ്. താരൻ,സോറിയാസിസ്, സ്കിൻ, കൊളസ്ട്രോൾ, ബ്ലെഡ്പ്രഷർ, ആസ്മ, അൾസർ, വെള്ളപോക്ക്, അലർജി, മുടികൊഴിച്ചിൽ, വാതരോഗങ്ങൾ എന്നിവയ്ക്ക് പച്ചമരുന്നുകളും, അംഗീകൃത ഏജൻസിയുടെ മരുന്നുകളും ശ്രീ ബിനോയി വൈദ്യർ നല്കി വരുന്നു.

അത് കേരളീയരുടെ എണ്ണവും ഒട്ടും കുറവല്ല. ജീവിത ശൈലി രോഗത്തിൽ നിന്നും മുക്തി നേടുവാൻ ഏറ്റവും സഹായകരം ആയുവേദ ചികിത്സയാണ്. പാൻക്രീയാസിന്റെ പ്രവർത്തനം നിലച്ചു പോകുന്നതിനാൽ ഇൻസുലീൻ ഉൽപാദനം നിലക്കുന്നതാണ് രോഗത്തിന് കാരണം. അതിനാൽ നിലച്ചു പോകുന്ന പാൻക്രീയാസിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്ന ആയുർവേദ മരുന്നുകൾ നല്കുന്നു. നവജ്യോതി ആയുർവേദ ശാലയുടെ ഷുഗർ പൗഡർ വളരെ ശ്രദ്ധേയമാണ്. പാൻക്രീയാസിന്റെ പ്രവർത്തനത്തിനും മറ്റ് ഹോർമ്മോൺതകരാറുകൾക്കും ഉള്ള ചികിത്സകൾ ടൈപ്പ് 1 ടൈപ്പ് 2 പ്രമേഹത്തിനും ഉള്ള ചികിത്സയും ഇവിടെ ലഭ്യമാണ്.

**ബ്ലോക്ക്**

ഹൃദയധമനികളിൽ കൊഴുപ്പ് അടിഞ്ഞു കൂടി ഉണ്ടാക്കുന്ന ബ്ലോക്കുകൾ മാറ്റുവാൻ ലക്ഷങ്ങൾ ചിലവഴിക്കുന്നതിന് മുമ്പ് ഒരു നിമിഷം ചിന്തിക്കുക ആയൂർ വേദത്തിൽ ഇതിന് ഫലപ്രദമായ ചികിത്സയുണ്ട് അത് അധികം പണം മുടക്കില്ലാതെ. ഹൃദയധമനികളിൽ കൊഴുപ്പ് അടിഞ്ഞുകൂടി ഹൃദയസ്തഭനത്തിനുവരെ കാരണമായേക്കാവുന്ന ബ്ലോക്കുകൾ പച്ചമരുന്നുകൾ ഉപയോഗിച്ച് ലക്ഷങ്ങൾ ചിലവഴിക്കാതെ ഓപ്പറേഷൻ കൂടാതെ പാർശ്യഫലങ്ങളില്ലാതെ പഥ്യത്തോടുകൂടി ചികിത്സിച്ച് സുഖപ്രദമാക്കുന്നു.

**ത്വക്ക് രോഗങ്ങൾ**

സോറിയാസിസ്, തലയിൽ വിട്ടുമാറാത്ത താരൻ, ദേഹമുഴുവൻ വട്ടത്തിലുണ്ടാകുന്ന പാടുകൾ, ചൊറിച്ചിൽ, തൊലിയിളകുക, പരുപരുത്തതാകുക തുടങ്ങിയ ത്വക്ക് രോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സകൾ ലഭ്യമാണ്.

**ഹോസ്പിറ്റലിലേക്ക് വിളിക്കേണ്ട നമ്പറുകൾ:**
**09496214000, 09048712570**
**H.O. Payyannoor- Kannur, Br. Thiruvalla**
അമേരിക്കയിൽ ബന്ധപ്പെടേണ്ടുന്ന നമ്പർ :
5168001394

**അവകാശവാദങ്ങളില്ല. അനുഭവങ്ങൾ മാത്രം. ഇതിനോടകം അനേകം ദൈവദാസൻമാരും ദൈവമക്കളും നവജ്യോതി സന്ദർശിച്ച് സൗഖ്യം നേടികഴിഞ്ഞു.**

**പച്ചമരുന്നുകൾ ഉപയോഗിക്കുമ്പോൾ പഥ്യം പാലിക്കേണ്ടതാണ്.**

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446532838
E-mail : ysandhesham@saintly.com
Published from Thiruvalla on 05-09-2016

2016 SEPTEMBER

# YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2016-18
POSTED AT RMS THIRUVALLA ON 05-09-2016
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP/205/2016-18




Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.